KOTTAYAM PUBLIC LIBRARY

Call No. M100

Acc. No. [illegible]

Author രാമമേനോൻ. വി.പി

Title ശാസ്ത്രവും മതവും

# ശാസ്ത്രവും മതവും

—വി. പി. രാമമേനോൻ.

# ശാസ്ത്രവും മതവും

12649

★

APPROVED BY
The Folk Literature Committee,
Government of India.

★

ഗ്രന്ഥകർത്താ:
**വി. പി. രാമമേനോൻ**

★

NATIONAL BOOK STALL
SPCS LTD.
BR. KOTTAYAM

1955 സെപ്തംബർ] [വില 1ക.

M100

# ആമുഖം.


ഇന്ത്യാഗവമ്മേണ്ടിൻെറ Folk Literature Committee അംഗീകരിച്ച ഈ ചെറിയപുസ്തകം ബഹുജന സമക്ഷം സമപ്പിക്കുന്നതിന്ന് എനിക്കതിയായ സന്തോഷ മുണ്ട്.

മദ്ധ്യയുഗങ്ങളിലെ ഇരുണ്ടകാലം കഴിഞ്ഞു ശാസ്ത്രം അതിൻെറ ചിറകുകൾ വിടൎത്തി പറക്കാൻ മുതിന്നതു മുതൽ തുടങ്ങിയതാണ് ശാസ്ത്രവും മതവും തമ്മിലുള്ള തീരാത്ത മത്സരം. അതിൻെറ ഫലമെന്തായാലുംശരി, ശാസ്ത്രം എത്തിനോക്കാത്ത ഒരു വശവും ഇന്നു മനുഷ്യ ജീവിതത്തിലില്ല.

ശാസ്ത്രത്തിൻെറ മഹത്തായ നേട്ടങ്ങളെ അവഗണി ക്കാതെ മതത്തിൻെറ പാവനതയേയും പ്രവണതയേയും ചൂണ്ടിക്കാട്ടി, പുറമെ തോന്നുന്നത്ര ശക്തി ഈ മത്സര ത്തിനു യഥാൎത്ഥത്തിൽ ഇല്ലെന്നു കാണിക്കാനാണ് ഞാനി തിൽ ശ്രമിച്ചിട്ടുള്ളതു്. ശാസ്ത്രവും മതവും തമ്മിലുള്ള സമ ഞ്ജസമായ മേളനത്തിലാണ് മനുഷ്യജീവിതം അഭി കാമ്യമാകുകയെന്നും ഞാൻ വിശ്വസിക്കുന്നു.

ഈ പുസ്തകം അച്ചടിച്ചുതന്ന പ്രസ്സുകാരോടും എനി ക്കുള്ള കൃതജ്ഞതയും ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു.

ഗ്രന്ഥകൎത്താ.



ഗ്രന്ഥകർത്താ

# ശാസ്ത്രവും മതവും

അദ്ധ്യായം ഒന്ന്.

## ശാസ്ത്രവും മനുഷ്യനും

ഒരു അയസ്കാന്തസൂചി ഇരിമ്പുശകലങ്ങളെ ആകർഷിക്കുന്നു; അതു് ഏതുവിധമാണ് സംഭവിക്കുന്നതെന്നു നാം കൂലങ്കഷമായി പരിശോധിക്കുമ്പോൾ ഈ സംഗതിയിൽ ആകർഷണം മാത്രമല്ല ഉണ്ടാകുന്നതെന്നും, ഉണ്ടാകുന്ന ആകർഷണം പരസ്പരവിരുദ്ധങ്ങളായ ഉഭയശക്തികളുടെ പ്രവർത്തനംകൊണ്ടു സംഭവിക്കുന്നതാണെന്നും നമുക്കു ഗ്രഹിക്കാറാകും. ഇപ്രകാരമാണ് സമുദായത്തിലുണ്ടാകുന്ന അഭിവൃദ്ധിയും. ഒരടി മുന്നോക്കം വെയ്ക്കുന്നുവെങ്കിൽ തത്തുല്യമായ ഒരു ഗമനം പിന്നോക്കവുമുണ്ടെന്നു നിശ്ചയംതന്നെ. ഒന്നിനു ഗുണമാകുന്ന ഒരു പ്രത്യേകസംഭവം തന്നെ മറെറാന്നിന്നു ദോഷമായിരിക്കും. ദേഹപ്രയത്നംകൊണ്ടു ഉപജീവനം സമ്പാദിക്കുന്നവരുടെ വായിൽ മണ്ണിടുകയാണ് യന്ത്രനിർമ്മാണം ചെയ്യുന്നതു്. അപ്രകാരം തന്നെ, ശാസ്ത്രീയസിദ്ധാന്തങ്ങൾ സമുദായത്തിന്നു ഒരുതരത്തിൽ ഉപകരിക്കുന്നവയാണെങ്കിൽ, മറെറാരു തരത്തിൽ അവ സമുദായത്തിൻെറ ക്ഷയത്തിന്നു കാരണവുമാണ്.

സ്ഥിരപ്രയത്നമാണ് ശാസ്ത്രം പ്രഥമവും പ്രധാനവുമായി ആവശ്യപ്പെടുന്നതു്. ഗണിതശാസ്ത്രനിപുണൻെറ

പഠനമുറിയിലും, സ്വാഭാവികശക്തികളെ കൂലങ്കഷമായി പരിശോധിച്ചറിഞ്ഞു് അവയുടെ കാര്യകാരണങ്ങളെപ്പററി ചിന്തിക്കുന്ന തത്വാന്വേഷിയുടെ വായനമുറിയിലുമാണു് ശാസ്ത്രമധിവസിക്കുന്നതു്. ശാസ്ത്രജ്ഞാനാന്വേഷിയും ലൌകികവ്യാപാരിയും അത്യന്തം ഭിന്നങ്ങളായ ഖണ്ഡങ്ങളിലാണു് പ്രവൃത്തിയെടുക്കുന്നതു്. സമുദായത്തിലെ മററംഗങ്ങളുമായുള്ള സമ്പക്കം; തീവണ്ടി, കമ്പി ത്തപ്പാൽ മുതലായവയെല്ലാം ലൌകികവ്യാപാരിക്കു അത്യാവശ്യകങ്ങളായ ഉപകരണങ്ങളാണെങ്കിലും, ശാസ്ത്രതത്വാന്വേഷിക്കു അവ ഉപദ്രവമേ ചെയ്യുന്നുള്ളു. യാതൊരു ശല്യവുമില്ലാതെ തത്വങ്ങളെപ്പററി പയ്യാലോചനചെയ്യുന്നതിന്നു അവ പ്രതിബന്ധങ്ങളാണു്.

സമുദായാംഗങ്ങളുമായുള്ള സമ്പക്കത്തെയുപേക്ഷിച്ച സ്വൈരവാസം ചെയ്തിട്ടുള്ള മാനുഷപുംഗവന്മാരാണു് ശാസ്ത്രലോകത്തിലെ നായകന്മാർ. സന്ദശ്യകു തന്നെ ക്ഷണിക്കുന്നതു തനിക്കു് അനിഷ്ടമാണെന്നു ഫാരഡെ ഒരിക്കൽ പ്രസ്താവിക്കുകയുണ്ടായത്രെ. ജനബാഹുല്യത്തിൽനിന്നു ഒഴിവായി കെൻറ് എന്ന ജില്ലയിലെ ഒരു സ്ഥലത്താണു് ഡാർവിൻ നിവസിച്ചിരുന്നതു്. ഗുരുതരങ്ങളായ ശാസ്ത്രതത്വങ്ങളെപ്പററി മേയറും, ജൂലും വിചിന്തനം ചെയ്തതു് തങ്ങളുടെ സഹജീവികൾക്കു് പ്രവേശനമില്ലാത്ത സ്ഥലങ്ങളിലായിരുന്നു. എന്നാൽ മനുഷ്യസമുദായത്തിലെ ഒരംഗമെന്ന നിലയിൽ ഏതൊരുവനും — അയാൾ ശാസ്ത്രജ്ഞനായാലും വിരോധമില്ല, കവികുഞ്ജരനായാലും വിരോധമില്ല — ചില കത്തവ്യകമ്മങ്ങളുണ്ടു്.

ഒരു ചിത്രത്തിൻെറ ഭംഗി നിൎണ്ണയംചെയ്യുന്നതിന്ന് കുറെ അകലെനിന്നു നോക്കിയാൽമാത്രമേ സാധിക്കയുള്ളൂ. അപ്രകാരംതന്നെ, ഒരു പ്രത്യേകകാലത്ത് നമുക്ക് എന്തു ജ്ഞാനസമ്പാദ്യമാണുണ്ടായിട്ടുള്ളതെന്നു ഗണിക്കേണമെങ്കിൽ അടുത്തു വരുന്ന കാലത്തിലെ സ്ഥിതി എന്തായിരിക്കുമെന്നു അറിഞ്ഞിരിക്കേണ്ടതാണ്. നമ്മുടെ കാലത്തു പ്രശംസനീയമായ യാതൊരു ജ്ഞാനസമ്പാദ്യവും നമുക്കുണ്ടായിട്ടില്ലെന്നു ചിലർ പ്രസ്താവിക്കുന്നുണ്ട്; നമ്മുടെ പിൻഗാമികളും ഇത്തരത്തിലുള്ള ഒരഭിപ്രായംതന്നെയാണു പുറപ്പെടുവിക്കുകയെന്നു ഞാൻ വിശ്വസിക്കുന്നില്ല. നേരേമറിച്ച്, ഇക്കാലത്തുണ്ടായിട്ടുള്ളത്ര ജ്ഞാനാഭിവൃദ്ധി മറെറാരുകാലത്തുമുണ്ടായിട്ടില്ലെന്നു അവർ സംശയമെന്ന്യേ സമ്മതിക്കുമെന്നാണ് എൻെറ പക്ഷം.

അഗണ്യമായ പൂൎവ്വകാലത്തിൻെറ സന്താനമാണ് ഇന്നത്തെ മനുഷ്യരെന്നു ഏവരും ഐകകണ്ഠ്യേന സമ്മതിയ്ക്കുന്നുണ്ട്. അന്ധകാരമയമായ ഒരു ഭൂതകാലത്തിലേക്കു നമ്മുടെ ചിന്തകൾ തിരിയുമ്പോഴാണ് എത്രെല്ലാം പതനങ്ങളിൽക്കൂടി കടന്നിട്ടാണ് ഇന്നത്തെ സ്ഥിതിയിൽ നാം എത്തിയതെന്നു നമുക്കു ബോദ്ധ്യം വരുന്നത്. പൂൎവ്വാപരവിരുദ്ധങ്ങളായ പ്രവാഹങ്ങളെക്കൊണ്ടു സമ്പൂൎണ്ണമായ പരിണാമാബ്ധിയെ തരണം ചെയ്യുന്നതിന്നു ശാസ്ത്രജ്ഞാനമാകുന്ന ദീപം കൊളുത്തുന്നത് ആവശ്യമായിരിക്കുന്നുവെന്ന തത്വഗ്രഹണമാണ് പ്രാചീനകാലത്തിൽനിന്നു നമുക്കു സിദ്ധമായിട്ടുള്ള ഒരു ഗുണം. കാരണാന്വേഷിയാണ്—കാൎയ്യബോധമുണ്ടാകുമ്പോൾ അതിന്നുള്ള കാരണവുംകൂടി ഗ്രഹിക്കേണമെന്നു ജിജ്ഞാസയുള്ളവനാണ്—

മനുഷ്യൻ എന്നത്രെ ഒരു ജമ്മൻ പണ്ഡിതൻ അഭിപ്രായപ്പെടുന്നത്. ഇക്കഴിഞ്ഞ എണ്പതുകൊല്ലത്തിനകത്തുണ്ടായിട്ടുള്ളത്ര—പത്തൊമ്പതാം ശതവഷത്തിന്റെ പൂവ്വാദ്ധത്തിലുണ്ടായിട്ടുള്ളത്ര—കാര്യകാരണാന്വേഷണജിജ്ഞാസ ലോകചരിത്രത്തിൽ മറെറാരു കാലത്തുമുണ്ടായിട്ടില്ലെന്നു തീത്തുപറയാം. ഈ ജിജ്ഞാസ ശാസ്ത്രവിദ്യാത്ഥികളിൽ മാത്രമല്ല, പൊതുജനങ്ങളിൽക്കൂടി പ്രത്യക്ഷപ്പെട്ടുകാണുന്നുണ്ട്. പൊതുജനങ്ങളിൽ ഇപ്രകാരമുള്ള ഒരു ജിജ്ഞാസക്ക് കാരണം ശാസ്ത്രജ്ഞന്മാർ അവരുടെ ഉദ്യമഫലങ്ങളെ പൊതുജനസമക്ഷം സമപ്പിക്കുന്നതുതന്നെയാണ്. തങ്ങളുടെ സ്വകാര്യസ്വത്തായി യാതൊരു തത്വവും അവരൊളിച്ചുവെയ്ക്കുന്നില്ല.

ഈ ഭൂലോകത്തെ ഒരു യന്ത്രമെന്നു കരുതുന്നതായിരിക്കും ഉചിതമെന്നായിരുന്നു പ്രസിദ്ധനായ റോബർട്ട് ബോയിലിന്റെ അഭിപ്രായം; ഒരു പാദപത്തോടുപമിക്കുന്നതായിരിക്കും അതിലുമധികം നല്ലതെന്നാണു കാർലൈലിന്റെ പക്ഷം. ഒരു യന്ത്രത്തിന്റെ ചൈതന്യം ബഹിർഭാഗത്തും ഒരു പാദപത്തിന്റേതു അന്തർഭാഗത്തും സ്ഥിതിചെയ്യുന്നുവെന്നു ഒരു വ്യത്യാസമേയുള്ളു. കാർലൈലിന്റെ അഭിപ്രായമാണ് സ്വീകാരയോഗ്യമായിരിക്കുന്നത്. ഈ ലോകത്തിൽ കാണുന്ന ശക്തിനിയമാദികൾ അതിൽതന്നെ അന്തർഭവിച്ചുകിടക്കുന്നവയാണെന്നും, അവയുടെ വ്യാപാരത്തെ നിയന്ത്രിക്കുന്ന ഒരു സവ്വശക്തന്റെ ആജ്ഞയനുസരിച്ചാണ് അവ പ്രവത്തിക്കുന്നതെന്നും അനുമാനിക്കുന്നതായിരിക്കും അധികം യുക്തിയുക്തമായിരിക്കുക. ഈ രണ്ടുപക്ഷങ്ങളും തമ്മിൽ വലിയ അന്തരമില്ല; വ്യക്തി

കാറക്ക് അന്യോന്യമുള്ള ബന്ധത്തേയും, ലോകചരിത്രഭ്രമണത്തിൽ വ്യക്തികളേക്കാറ പ്രാധാന്യം കൂടുതൽ സമുദായത്തിനാണെന്ന തത്വത്തേയും ഈ രണ്ടു സിദ്ധാന്തങ്ങളും അംഗീകരിക്കുന്നുണ്ട്.

ഈ അന്യോന്യസംബന്ധവും പരസ്പരാശ്രയവും ഇത്രത്തോളം ദൃഢതരമാണെന്നു ഇപ്പോഴേ മനസ്സിലായുള്ളു. നമ്മുടെ പിതാക്കന്മാൎക്കുണ്ടായിരുന്ന ആ അവ്യക്തമായ ജ്ഞാനമോ, അവരുടേയും പിതാക്കന്മാരുടെ കാലത്തു അത്രതന്നേയും വ്യക്തമല്ലാതിരുന്ന ജ്ഞാനമോ അല്ല ഈ സംഗതികളെക്കുറിച്ചു നമുക്കിന്നു സിദ്ധമായിട്ടുള്ളതു്. ഇവതമ്മിലുള്ള ബന്ധം ഏത്രയെന്നു് കണിശമായി പ്രസ്താവിപ്പാൻ സാധിക്കുന്ന നിലയിലാണു് നമ്മുടെ ഇപ്പോഴത്തെ ജ്ഞാനം. അന്ധകാരത്തിൽനിന്നു പ്രഭാതത്തിലേക്കും അതിൽനിന്നു മദ്ധ്യാഹ്നത്തിലേക്കും ശാസ്ത്രകാരന്മാർ പ്രവേശിച്ചുകഴിഞ്ഞിരിക്കുന്നു. പൂൎവ്വാപരബന്ധത്തിന്നു് ശാസ്ത്രത്തിലുള്ളത്ര പ്രാബല്യം മററൊരു വിഷയത്തിലുണ്ടോ എന്നു സംശയമാണു്. നമ്മുടെ പൂൎവ്വികന്മാൎക്കു സിദ്ധമായിട്ടുള്ള ജ്ഞാനത്തെ ആശ്രയിക്കാതെ ഏതൊരുവനും ശാസ്ത്രപദ്ധതിയിൽ സൈ്വരസഞ്ചാരത്തിനൊ യശഃപ്രാപ്തിക്കൊ സാധിക്കുന്നതല്ല. ഇതരവിഷയങ്ങളിലെന്നപോലെ ഇതിലും ബീജവും, കതിരും, കതിരിൽ പൂൎണ്ണവളൎച്ചയെത്തിയ ധാന്യമണിയും, അവസാനത്തേതിൽനിന്നു ആദ്യത്തേതുമുണ്ടാകുന്നു. ന്യൂട്ടൻ സ്ഥാപിച്ച ആകൎഷണശക്തിയെപ്പററി ഏതാനും വിലജ്ഞാനശകലങ്ങറ അതിനുമുമ്പുതന്നെ മനുഷ്യൎക്കു സിദ്ധമായിരുന്നു. തന്റെ പൂൎവ്വഗാമികളുടെ ജ്ഞാനത്തെ അതി

ക്രമിച്ച ജ്ഞാനം ന്യൂട്ടന്നുണ്ടായിരുന്നുവെന്ന സംഗതി വാസ്തവംതന്നെ; എന്നാൽ അദ്ദേഹത്തിൻെറ ജ്ഞാനപാദപത്തിൻെറ വേർ അവരുടെ ജ്ഞാനതരുവിൻെറ മൂലവുമായി ബന്ധമുള്ളതായിരുന്നു. അതുകൊണ്ടു ഈ സിദ്ധാന്തസ്ഥാപകന്മാരെ മാനിപ്പാൻ നാം ഒരുക്കമാണെങ്കിൽ, ആ ബഹുമാനത്തിൻെറ ഒരു ഭാഗം നമ്മുടെ പൂർവ്വികന്മാരുടെ സ്വത്താണെന്നു നിശ്ചയംതന്നെ. നഭോമണ്ഡലത്തിലങ്ങുമിങ്ങും പറന്നു ലയിക്കുന്ന കിംവദന്തികളെപ്പോലെത്തന്നെയാണ് ശാസ്ത്രസിദ്ധാന്തങ്ങളും ആദിയിൽ ആവിർഭവിക്കുന്നത്. ഇതിന്നുശേഷം വളരെകാലം ചെല്ലുമ്പോൾമാത്രമേ സുസ്ഥിരമായ ഒരു പ്രതിഷ്ഠ അവയ്ക്കു ലഭ്യമാകുന്നുള്ളു. ഒരു സിദ്ധാന്തത്തിന്നുള്ള പ്രാബല്യം എത്രമാത്രമായിരിയ്ക്കുമെന്നും, അതിലെത്രത്തോളം വാസ്തവമുണ്ടായിരിക്കുമെന്നുമുള്ള സംഗതികൾ ആ സിദ്ധാന്തത്തെപ്പററി പൂർണ്ണജ്ഞാനമുണ്ടാകുന്നതിന്നുമുമ്പുതന്നെ നിർണ്ണയിക്കപ്പെടുന്നു. സ്വാഭാവികസിദ്ധാന്തങ്ങൾക്കു വിരുദ്ധമാകയാൽ ശാശ്വതചലനം എന്ന സിദ്ധാന്തം അതു് സ്ഥാപിതമാകുന്നതിന്നുമുമ്പുതന്നെ ത്യാജ്യകോടിയിൽ തള്ളപ്പെട്ടിരുന്നു. സ്വാഭാവികശക്തികൾ തമ്മിലുള്ള അന്യോന്യബന്ധം ഇന്നതരത്തിലാണെന്നു ആധുനികന്മാരാണു സ്ഥാപിച്ചതെങ്കിലും, അവയെപ്പററി ഏറെക്കുറെ പൂർണ്ണമായ ഒരു ജ്ഞാനം മുമ്പുതന്നെ സിദ്ധമായിരുന്നു.

സത്യസ്ഥാപനമാണു നമ്മുടെ കർത്തവ്യകർമ്മമെന്നും, ശാസ്ത്രീയസിദ്ധാന്തങ്ങളെപ്പററി അന്വേഷണം നടത്തുന്നതിൽ ജാതിമതസ്പർദ്ധകളുടെ പ്രദർശനം അനാശാസ്യമാണെന്നും ബോധമുള്ളവരാൽ ദത്തമായ ജ്ഞാനം എതുതര

ത്തിലും സ്വീകാരയോഗ്യമായിരിക്കുമെന്നുള്ളതിന്ന് സംശയമില്ല. മാനിക്കേണ്ടവരെ മാനിപ്പാൻ അവർ എന്നും സന്നദ്ധരാണ്. എന്നാൽ മാൎഗ്ഗദൎശികളായി ബഹുമാനിക്കപ്പെട്ടുവരുന്ന ജൂലിയസ്സ്, റോബൎട്ട് മേയർ, ജെംസ് പ്രെസ്കാട്ട് ജൂൽ എന്നിവർ ഇന്നും അനുഭവിച്ചുവരുന്ന മാന്യപദവിക്ക് അൎഹനായ മറെറാരുവനെ നാം ഇന്നേവരെ കണ്ടിട്ടില്ല. അന്ധകാരമയമായ തിരസ്കരണികളാൽ ആവൃതമായാണത്രെ ജ്ഞാനരാശിയുടെ സ്ഥിതി. ഒരു പ്രത്യേക സ്ഥലത്തും സമയത്തും നോക്കുന്നതായാൽ ഈ അബ്ധിയുടെ മറുകര നമുക്കു ദൃഷ്ടിഗോചരമായി ഭവിപ്പാൻ പ്രയാസമായിട്ടാണു കാണുന്നത്. അതിസമൎത്ഥനായ ഒരു മനുഷ്യപുംഗവന്നുമാത്രമേ ആ യവനികയെ ഭേദിക്കാൻ സാധിക്കയുള്ളൂ. ഈ തിരസ്കരണിയെ ഭേദിച്ചാൽ പൂൎവ്വാധികം വിശാലവും അഗാധവുമായ മറെറാരു ജലരാശിയിലാണ് നാം ചെന്നെത്തുന്നത്. അതും തരണംചെയ്തുകഴിഞ്ഞാൽ മറെറാന്നിലെത്തുന്നു. ഇപ്രകാരം അപ്പപ്പോഴുണ്ടാകുന്ന വിജയംമൂലമാണ് നമുക്കു ജ്ഞാനധനം ലഭ്യമാകുന്നത്; അല്ലാതെ, ഒരൊററ പോക്കിലല്ലെന്നാണു എമേഴ്സൻ എന്ന പണ്ഡിതൻ അഭിപ്രായപ്പെട്ടുന്നത്.

സൂൎയ്യോഷ്ണംകൊണ്ടു ജലരാശികളിലുള്ള ജലം ആവിയായിപരിണമിച്ചു നഭോമണ്ഡലത്തിൽ പൊങ്ങി അംബുദമായിത്തീരുന്നു; വായുവിൻെറ ശക്തികൊണ്ടു ഈ അംബുദങ്ങൾക്കു അത്യധികം ശീതളങ്ങളായ പൎവ്വതനിരകളുമായി സമ്പൎക്കമുണ്ടാകുന്നു; അപ്പോൾ മഴപെയ്യുന്നു. മഴ പെയ്യുവാൻ തുടങ്ങുന്നതുവരെ ഭൂമിയിൽനിന്നും നഷ്ടമായ ഉഷ്ണത്തിനുപകരം നമുക്കെന്തൊന്നാണ് ലഭിക്കുന്നത്?

ഭൂമിയിലുള്ള ജലരാശികളിൽ സ്ഥാപിതമായിരുന്ന ജലം ആകാശമാർഗ്ഗത്തിലെത്തിക്കഴിഞ്ഞിരിക്കുന്നുവെന്ന ഒരു ലാഭമുണ്ടു്: ബാഷ്പരൂപമായിരിക്കുന്ന ജലം വീണ്ടും ജലരൂപമായിത്തീരുന്ന സമയംമുതൽ ആകർഷണശക്തി പ്രവത്തിയ്ക്കുന്നു. പവ്വതനിരകളിന്മേൽ പതിക്കുന്ന ഓരോ ജലബിന്ദുവും ക്ലിപ്തമായ കുറെ ഉഷ്ണം ഭൂമിയിലേക്കു കൊണ്ടുവരുന്നുണ്ടു്; അപ്രകാരംതന്നെ പ്രവാഹത്തിൻെറ ഊക്കുകൊണ്ടു് ഓരോ നദിയിലും കുറെ ഉഷ്ണം ജന്യമാകുന്നു. ജലം ആവിയായി പരിണമിച്ചതിൽ നമുക്കുണ്ടായ ഉഷ്ണനഷ്ടവും, നദികഠം പ്രവഹിച്ചതിൽ നമുക്കുണ്ടായ ഉഷ്ണലാഭവും തമ്മിൽ ഒരു താരതമ്യം ചെയ്യുന്നതായാൽ, നമുക്കു യാതൊരു ലാഭമോ നഷ്ടമോ ഉണ്ടായിട്ടില്ലെന്നു കാണാവുന്നതാണു്. ലാഭത്തിനൊത്ത നഷ്ടവും നഷ്ടത്തിനൊത്ത ലാഭവുമല്ലാതെ യാതൊരു വ്യാപാരവും ലോകത്തിൽ നടക്കുന്നില്ല. ഇതു് അഭേദ്യമായ ഒരു നിയമമാണു്; ഇതു് അലംഘനിയമാണു്; ഈ നിയമം ഒരിക്കലെങ്കിലും ലംഘിക്കപ്പെട്ടതായി ശാസ്ത്രം അറിഞ്ഞിട്ടുമില്ല.

---

അദ്ധ്യായം രണ്ടു്.

## ശാസ്ത്രവും മതവും

ഇന്നത്തെ നാഗരികത്വം മനുഷ്യസൃഷ്ടിയാണല്ലോ. ഈ നാഗരികത്വത്തിൽ മനുഷ്യരുടെ പിതാവിനെപ്പററിയുള്ള സൂചനകഠം കാണുന്നുണ്ടു്; എന്നാൽ മനുഷ്യരുടെ മാതാവിനെപ്പററി ഒന്നുംതന്നെ പറഞ്ഞുകാണുന്നില്ല.

ദൈവത്തെ നാം പിതാവെന്നു കരുതി അദ്ദേഹത്തെ ആരാധിക്കുന്നു. നാം നമ്മുടെ മാതാവിനെ ആരാധിയ്ക്കുന്നുണ്ടോ? ഇന്നു ലോകത്തിൽ പ്രചാരത്തിലിരിക്കുന്ന മതങ്ങളിൽ ഹിന്ദുമതം മാത്രമേ ഭൂമീദേവിയെ വിഷ്ണുവിൻെറ പത്നിയായി പരിഗണിച്ചുകാണുന്നുള്ളു. മതാസക്തി അധികമുള്ള — ഈശ്വരവിചാരം അധികമുള്ള ജനങ്ങൾമാത്രമേ പ്രകൃതിദേവിയെ ഒരു മാതാവായി കരുതുന്നുള്ളു. മനുഷ്യർക്കു സുഖദായിനിയായ ഒരു പരിചാരികയായെയൊ, പരാജിതയാക്കപ്പെടേണ്ട ഒരു ശത്രുവായോ അവർ പ്രകൃതിദേവിയെ കരുതുന്നില്ല.

മനുഷ്യൻ ദൈവത്തിൻെറയും ഭൂമിയുടേയും പുത്രനാണു്, ചൈതന്യത്തിൻെറയും ഭൗതികപദാർത്ഥത്തിൻെറയും സമ്മേളനംകൊണ്ടാണു് മനുഷ്യൻ ജാതനാകുന്നതു്. അതുകൊണ്ടു് മനുഷ്യനു് ഒരാത്മാവും ഒരു ശരീരവുമുണ്ടു്. മനുഷ്യസൃഷ്ടിയിൽ ചൈതന്യത്തിനാണു ഭൗതികപദാൎത്ഥങ്ങളേക്കാളധികം പ്രാബല്യമെങ്കിൽ മനുഷ്യൻ ഈ ഉഭയപദാൎത്ഥങ്ങളുടേയും മദ്ധ്യത്തിലാണു സ്ഥിതിചെയ്യുന്നതു്. ഭൗതികസൃഷ്ടിയായതുകൊണ്ടു മനുഷ്യനു് ഈശ്വരനെപ്പററി ജ്ഞാനമുണ്ടാകണം; ചൈതന്യാത്മകമായതുകൊണ്ടു മനുഷ്യനു് ഭൂമിദേവിയെ പഠിപ്പിക്കേണ്ടിവരുന്നു. മനുഷ്യൻെറ പിതാവിനെപ്പററി ജ്ഞാനം സമ്പാദിപ്പാനാണു് മതം; മനുഷ്യൻെറ മാതാവിനെ പഠിപ്പിക്കയാണു് ശാസ്ത്രം ചെയ്യുന്നതു്. ഈ രണ്ടു സംഗതികളും തമ്മിൽ ആന്തരമായി അന്തരമില്ല; പദ്ധതിയിലാണു അന്തരം അന്തർഭവിച്ചിരിക്കുന്നതു്. ദൈവത്തെപ്പററി ജ്ഞാനം സമ്പാദിപ്പാൻ മനുഷ്യൻ ഇഷ്ടപ്പെടുന്നു; അപ്രകാരംതന്നെ

വിദ്യാസമ്പന്നനായ മനുഷ്യനേയാണ് ദൈവത്തിനിഷ്ടം. മനുഷ്യൻ ഭൂമിയെ പഠിപ്പിക്കുന്നതുപോലെയാണ് ഭൂമി മനുഷ്യനെപ്പററി ധരിച്ചിട്ടുള്ളതും.

ദൈവവും ഭൂമിയും തമ്മിൽ യാതൊരു വൈരവുമില്ല. തൻെറ സ്ഥാനം ഇന്നതെന്നു ഇനിയും നിശ്ചയമില്ലാത്തതു മനുഷ്യന്നാണ്. മനുഷ്യപ്രവേശനമില്ലാത്ത സ്ഥലത്ത് പ്രകൃതിദേവി പരിശുദ്ധതയോടും രാമണീയകത്വത്തോടും പരിലസിക്കുന്നു. മനുഷ്യപ്രവേശമുള്ളിടത്താണ് അഴുക്കുണ്ടാകുന്നത്; അവിടെ പ്രതാപചിഹ്നങ്ങളും ഇല്ലെന്നില്ല.

ഭൂമിയുടെ സന്താനങ്ങൾ തണുത്തു വിറച്ചിരുന്ന കാലത്തും ഭൂമിയിൽ കല്ക്കരിയുണ്ടായിരുന്നു. മനുഷ്യനിലുള്ള ദേവാംശമാണ് മനുഷ്യന് ചൂടു കൊടുപ്പാൻവേണ്ടി ഭൂമിയിലുള്ള കല്ക്കരിയെ ഉപയോഗപ്പെടുത്തുവാൻ ഭൂമിദേവിയെ പഠിപ്പിക്കുന്നത്. രാത്രിയെ പ്രകാശമാനമാക്കത്തക്ക ശക്തിയുള്ള വിദ്യുച്ഛക്തി ഭൂമിയിൽ പണ്ടേക്കുപണ്ടേ തന്നെ ഉണ്ടായിരുന്നു; എങ്കിലും രാത്രിസമയം മുഴുവനും അന്ധകാരമയമായിത്തന്നെ കഴിഞ്ഞുകൂടിയിരുന്നു. വിദ്യുച്ഛക്തി ഉപയോഗിച്ച് മനുഷ്യൎക്ക വെളിച്ചം കൊടുപ്പാൻ ഭൂമീദേവിയെ പഠിപ്പിച്ചതും മനുഷ്യനിലുള്ള ദേവാംശമാണ്. നഭോമണ്ഡലത്തിൽ കഴിഞ്ഞുകിടക്കുന്ന പ്രദേശമഖിലം മനുഷ്യരെക്കൊണ്ടു നിറയ്ക്കുവാനുള്ള ശക്തി ഭൂമിയിലുണ്ടായിരുന്നു. ആകാശമണ്ഡലത്തിൽ ഇന്നു സൈ്വരസഞ്ചാരം ചെയ്യുന്ന വിമാനങ്ങളെ നിൎമ്മിപ്പാൻ ഭൂമിയെ ഉപദേശിച്ചതും മനുഷ്യനിലുള്ള ദേവാംശംതന്നെ.

അതുകൊണ്ടു ശാസ്ത്രം മതസന്താനമാണെന്നു പറയാം. മനുഷ്യനിലുള്ള ദേവാംശത്തിനുണ്ടാകുന്നവികാസത്തിൻെറ തോതനുസരിച്ചായിരിക്കും പ്രകൃതിയിൽ അന്തർലീനങ്ങളായിക്കിടക്കുന്ന ശക്തികളെ പ്രബുദ്ധമാക്കാൻ അവനു സാധിക്കുന്നതു്. ഈ ശക്തികൾ പ്രബുദ്ധമാകുമ്പോൾ ശാസ്ത്രത്തിനു വികാസം സിദ്ധിയ്ക്കുന്നു; എങ്കിലും മതവും ശാസ്ത്രവും ഇന്നും അകന്നാണു് നില്ക്കുന്നതു്. ശാസ്ത്രത്തിനുവേണ്ടി മതത്തേയോ, മതത്തിനുവേണ്ടി ശാസ്ത്രത്തേയോ ഉപേക്ഷിയ്ക്കുമ്പോൾ മനുഷ്യർ അവരുടെ മാതാപിതാക്കന്മാരിൽ ഒരാളുടെ കക്ഷിയിൽ ചേരുകയായിരിക്കും. അപ്രകാരമായാൽ, ദൈവവും മനുഷ്യരും ഭൂമിയും ഐകമത്യമില്ലാത്ത ഒരു കുഡുംബത്തിലെ അംഗങ്ങളായിത്തീരും.

ഭൂമിദേവിയെ മനുഷ്യർ ഏകമായിട്ടല്ല കാണുന്നതു്; പ്രത്യുത, പലതായിട്ടാണു്. തങ്ങളെല്ലാവരും സഹോദരരാണെന്ന ബോധം മനുഷ്യരുടെ ഇടയിൽ പ്രചാരത്തിൽ വരുത്തുവാൻ ദൈവത്തിൻെറ പിതൃത്വത്തിനു ഇന്നേവരെ സാധിച്ചിട്ടില്ല. തങ്ങളേവരും ഒരേ ഒരു മാതാവിൻെറ സന്താനങ്ങളാണെന്ന ബോധമല്ല മനുഷ്യർക്കുള്ളതു്; ഇളയമ്മയുടെ മക്കളാണു തങ്ങളെന്ന നിലയിലത്രെ മനുഷ്യർ പ്രവത്തിക്കുന്നതു്. അതുകൊണ്ടു് ഏകദൈവത്തിൽനിന്നും ജന്യമാകുന്ന മതങ്ങളും, ജാതികളും അന്യോന്യം സ്നേഹമില്ലാതെ കലഹിക്കുന്നു. നാമെല്ലാവരും ഒരേ ഒരു പിതാവിൻെറ സന്താനങ്ങളാകുന്നതുപോലെ ഒരേ ഒരു മാതാവിൻേറയും സന്താനങ്ങളാണെന്നുള്ള വസ്തുത നമ്മെ പഠിപ്പിക്കേണ്ട ഭാരം ഭൂമീദേവിയെപ്പററിയുള്ള ജ്ഞാനത്തിന്നാണു് — ശാസ്ത്രത്തിന്നാണു്. അമ്മയെ

പ്പററിയുള്ള ജ്ഞാനത്തിന്റെ കുറവുകൊണ്ടാണു ജാതികൾ തമ്മിലും മതങ്ങൾ തമ്മിലും അന്തരം കാണുന്നതു്. ലോകത്തെ ഒന്നാക്കാനാണത്രെ ശാസ്ത്രത്തിന്റെ ഉദ്യമം. ആകാശവിമാനത്തിന്റെ ആവിർഭാവത്തോടുകൂടി ഭൂമിശാസ്ത്രസംബന്ധമായ അന്തരങ്ങൾ നാമാവശേഷമാകാനാണു വഴി. യൂറോപ്പിലെ ഒരു ക്രിസ്ത്യാനിയോടൊന്നിച്ചു പ്രാതലും, പേർഷ്യയിലെ ഒരു മുഹമ്മദീയനൊന്നിച്ചു കാപ്പികുടിയും, ഇന്ത്യയിലെ ഒരു ഹിന്ദുവൊന്നിച്ചു ഉച്ചഭക്ഷണവും, ചൈനയിലെ ഒരു ബുദ്ധമതക്കാരനൊരുമിച്ചു അത്താഴവും കഴിക്കുന്ന ഒരാൾക്കു ജാതികൾ തമ്മിലും മതങ്ങൾ തമ്മിലുമുള്ള അന്തരവും സാമ്യവും ഉദയവും അസ്തമയവും തമ്മിലുള്ള അന്തരത്തോടും സാമ്യത്തോടും തുല്യമാണു്.

അജ്ഞാനതിമിരത്തിൽ ആണ്ടുകിടക്കുന്ന മനുഷ്യൻ ദൈവത്തിന്നു് അനവധി പത്നിമാരുണ്ടെന്നു തെററിദ്ധരിച്ചു; ദൈവം ഏകപത്നീവ്രതക്കാരനാണെന്നു കാണിക്കേണ്ടതു് ശാസ്ത്രത്തിന്റെ ചുമതലയത്രെ.

---

അദ്ധ്യായം മൂന്നു്.

## ശാസ്ത്രവും മതവും

ശാസ്ത്രവും മതവും തമ്മിലുള്ള ബന്ധമെന്തെന്ന വാദം സാമാന്യം പഴക്കമുള്ള ഒരു വിഷയമത്രെ. അമേരിക്കയിലും ഗ്രെററ് ബ്രിട്ടണിലും ഈയിടെയുണ്ടായ

(1920ലോ മററോ) സംഭവങ്ങഠം നിമിത്തം ഈ വാദം ഇതാ വീണ്ടും തിരശ്ശീല നീക്കി രംഗപ്രവേശം ചെയ്തിരിക്കുന്നു. അമേരിക്കയിൽ നടക്കുന്ന വാദം ഇംഗ്ലണ്ടിലും മാറെറാലിക്കൊള്ളുന്നു. ബ്രിട്ടീഷ് അസോസിയേഷൻ എന്ന സംഘത്തിൻെറ അദ്ധ്യക്ഷൻ എന്ന നിലയിൽ സർ ആർതർ കീത്ത് ചെയ്ത പ്രസംഗവും വെസ്റ്റ് മിനിസ്റ്ററിൽവെച്ചു ബാർൽസ് എന്ന ബിഷപ്പു ചെയ്ത പ്രസംഗവും ഈ പ്രതിദ്ധ്വനിയേയാണ് സൂചിപ്പിക്കുന്നതു്.

ദിവ്യദശ്നത്തേയോ വെറും സിദ്ധാന്തങ്ങളേയോ അടിസ്ഥാനപ്പെടുത്തിയുള്ള മതത്തിന്നു് ശാസ്ത്രം വിരുദ്ധമാകുന്നു. സവ്വശക്തനായ ഒരു ദൈവമുണ്ടെന്നു വിശ്വസിച്ചു് അദ്ദേഹത്തിൻെറ ഗുണങ്ങളേയും ലോകസ്വഭാവങ്ങളേയും മററും ആ വിശ്വാസത്തിൽനിന്നു അനുമിക്കുവാൻ ഉദ്യമിയ്ക്കുമ്പോഠം ആ ഉദ്യമം ഒരു സിദ്ധാന്തരൂപമാണു് അവലംബിക്കുന്നതു്. പരമശക്തനും അത്യധികം കാരുണികനുമായ ഒരു ദൈവമുണ്ടെങ്കിൽ, ലോകമാസകലം നന്മകൊണ്ടു പരിപൂൎണ്ണമാകേണ്ടതായിരുന്നു. തിന്മക്കു ലോകത്തിൽ സ്ഥാനമില്ല. ദുൎജ്ജനങ്ങഠം അനുഭവിയ്ക്കുന്ന സങ്കടങ്ങഠം ഈശ്വരവിധിയാകുന്നതുപോലെ, സജ്ജനങ്ങഠം അനുഭവിയ്ക്കുന്ന സങ്കടങ്ങഠം ഈശ്വരൻെറ പരീക്ഷണങ്ങളുമാണു്. ഇത്തരത്തിലുള്ള തത്വങ്ങളെ തക്കമെന്യേ സ്വീകരിപ്പാൻ ആധുനികർ സന്നദ്ധരല്ല. സൃഷ്ടിയുടെ വ്യാപാരങ്ങളിലാണു് ആധുനികൻെറ മനസ്സെത്തുന്നതു്; അല്ലാതെ, സ്രഷ്ടാവിൻെറ ചേഷ്ടകളിലല്ല. സ്വാഭാവികതത്വങ്ങളെ പഠനംചെയ്തു് പ്രകൃതിയിലും സമുദായത്തിലും ഇന്നു നാം കാണുന്ന വിവിധ വ്യാപാരങ്ങഠംക്കു ഒരു നിദാ

നമായി ദൈവത്തെ സങ്കല്പിക്കുകയാണ് ആധുനികൻ ചെയ്യുന്നതു്. സ്വാഭാവികമായ ഒരു മതത്തെ—ഈശ്വര വിശ്വാസസമ്പ്രദായത്തെ—സ്വീകരിപ്പാൻ ആധുനികൻ ഒരുക്കമാണു്; ദിവ്യദശ്നങ്ങളെ അടിസ്ഥാനമാക്കിയുള്ള മതതത്വങ്ങളോടാണു് അയാൾക്കു സ്പദ്ധ തോന്നുന്നതു്. ദിവ്യദശ്നത്തേയും മററും അടിസ്ഥാനമാക്കിയുള്ള മത ത്തിൽ വിശ്വസിക്കുന്നവരും ആധുനികരും തമ്മിലുള്ള വിരോധത്തിന്നു ഇതുതന്നെയാണു കാരണം.

പരമ്പരയായി വിശ്വസിച്ചുവരുന്ന മതസിദ്ധാന്ത ങ്ങളെ ഉറപ്പിയ്ക്കുവാൻവേണ്ടി കൊണ്ടുവരുന്ന ദിവ്യദശ്ന ങ്ങളെ ആധുനികൻ അദ്ധ്യാത്മികശാസ്ത്രസിദ്ധാന്തങ്ങൾ ക്കനുസരിച്ചു വ്യാഖ്യാനിക്കുന്നു. ദൈവദശ്നമുണ്ടായെന്നും അശരീരിവാക്കു—ആകാശവാണി—കേട്ടുവെന്നും മററും പറയുമ്പോൾ ആധുനികശാസ്ത്രജ്ഞന്മാർ ഹാസ്യരസ ത്തോടുകൂടി പുഞ്ചിരിയിടുകയാണു ചെയ്യുന്നതു്. അസ്ഥി രബുദ്ധിയോടുകൂടിയവരും ഭാവനാശക്തിയെ നിയന്ത്രി പ്പാൻ പ്രാപ്തരല്ലാത്തവരുമായ ജനങ്ങൾക്കുമാത്രമേ ദൈവ ദശ്നവും ആകാശവാണിയും സാദ്ധ്യമാകുന്നുള്ളുവെന്നാണു ആധുനികൻെറ വാദം.

ലോകത്തിൽ ഇന്നു നാം കാണുന്ന സകലത്തിന്നും ഒരു കാരണമുണ്ടായിരിക്കേണമെങ്കിൽ, ദൈവത്തിന്നും ഒരു കാരണമുണ്ടായിരിക്കണം. ഏതെങ്കിലും ഒരു കായ്യത്തിന്നു കാരണമില്ലാതെയിരിക്കാമെങ്കിൽ, ലോകത്തിനും കാരണം വേണമെന്നില്ല. ഈ ലോകത്തിന്നു ഒരു ആരംഭമുണ്ടെന്നു നാം സങ്കല്പിക്കേണ്ടുന്ന ആവശ്യമെന്തു്? അതു ശാശ്വത

മായ കന്നായിരിക്കാം. ദിവ്യദശ്നസിദ്ധാന്തം അടിസ്ഥാനരഹിതമാണെന്നു ഡാവ്വിൻെറ പരിണാമതത്വം തെളിയിക്കുന്നു ഈ ലോകത്തിലെ നാനാതരത്തിലുള്ള കുഴപ്പങ്ങളെ നോക്കുക. ഇവിടെ കാണുന്ന അപരിമിതമായ നാശം, ബുദ്ധിരാഹിത്യം, ഭയങ്കരത്വം, ക്രൂരത, മാനസികമായും സന്മാൎഗ്ഗികമായുമുള്ള കലാപം എന്നിവ സവ്വശക്തനും സവ്വവ്യാപിയുമായ ഒരു ദൈവത്തിൻെറ ഭരണത്തിൽ ഇത്രവളരെക്കാലം നിലനിന്നുപോന്നുവെന്നൂഹിക്കുന്നതു അശേഷം മര്യാദയല്ല. ഇഹത്തിലെ അഴിമതികളെ പരിഹരിക്കുവാൻ ഒരു പരലോകമുണ്ടെന്നുള്ള വിശ്വാസം നോക്കുക. അജ്ഞാതമായിരിക്കുന്ന ആ ഭാവി പിടിച്ചിരിക്കുന്ന തിരശ്ശീലയിന്മേൽ നമ്മുടെ ഇഷ്ടംപോലെയുള്ള ചിത്രങ്ങളെ പ്രതിഫലിപ്പിക്കയാണു നാം ചെയ്യുന്നതു്. ആധുനികശാസ്ത്രജ്ഞൻെറ കാൎയ്യകാരണവിവേചനാശക്തിയെ തൃപ്തിപ്പെടുത്തത്തക്ക യാതൊരു തെളിവും ഈശ്വരനുണ്ടെന്നുള്ളതിലേക്കു ദിവ്യദശ്നക്കാർ ഹാജരാക്കുന്നില്ല. നമ്മുടെ ബുദ്ധിക്ക് അഗോചരമായിരിക്കുന്ന ഒരു വസ്തുവുമായി നമുക്കു യാതൊരു ബന്ധവുമില്ലെന്നാണു അയാളുടെ വാദം. ഈശ്വരനെപ്പററി യാതൊന്നുംതന്നെ അറിവാൻ നമുക്കു സാധിക്കയില്ലെന്നാണ് ആധുനികപണ്ഡിതന്മാരിൽ പലരുടേയും പക്ഷം.

മതം ഒരു സാമുദായികവ്യവസ്ഥയാണെന്നാണ് മറെറാരു തരക്കാരുടെ വാദം. ഈ തരക്കാർ അധികവും അമേരിക്കക്കാരത്രെ. സമുദായനിലനില്പിന്നാവശ്യമായ ഒരുപകരണമാണ് സത്യം. ദൈവത്തെ അറിവാൻ സാദ്ധ്യമല്ലെങ്കിലും നമുക്കദ്ദേഹത്തെ ഉപയോഗിക്കാം.

ഈശ്വരവിശ്വാസം നമുക്കു ആശ്വാസജനകമായ ഒരായുധമത്രെ. ലോകസംഘടനയെ വെളിപ്പെടുത്തുവാൻ ആ വിശ്വാസം പര്യാപ്തമല്ലെങ്കിലും, മനുഷ്യനെ സമാധാനിപ്പിക്കാൻ അതിന്നു സാധിക്കും. ആത്മസംസ്കരണത്തിന്നും സമുദായോന്നതിക്കും സഹായമായ ഒരു ഉപകരണമാണ് ഈശ്വരവിശ്വാസം. ലോകത്തിലെ ഏററവും ഗഹനമായ വസ്തുവാണ് ദൈവമെന്ന ബോധമില്ലാതെ ദൈവവിശ്വാസത്തെ ഉപയോഗപ്പെടുത്തുവാൻ തരമില്ലെന്നുള്ളതാണ് ഏററവും വ്യസനകരമായ സംഗതി.

ആധുനികശാസ്ത്രപരീക്ഷണങ്ങളേയോ, ആധുനികചിന്താപദ്ധതിയേയോ വിലമതിക്കേണ്ടുന്ന ആവശ്യമില്ലെന്നാണ് മറെറാരു തരക്കാരുടെ വാദം. ശാസ്ത്രത്തിന്നു മതമായി യാതൊരു ബന്ധവുമില്ലെന്നും, പരമ്പരയായി വിശ്വസിച്ചുപോരുന്ന തത്വങ്ങളെ സ്വീകരിക്കുന്നതുതന്നെയാണ് ബുദ്ധിപൂർവ്വകമായ പ്രവൃത്തിയെന്നും അവർ പ്രതിപാദിക്കുന്നു. മനോമുകുരത്തിൽ അങ്കുരിക്കുന്ന കുസുമങ്ങളാണ് ശാസ്ത്രവും മതവും എന്ന വിശ്വാസമുള്ളവക്കു ഇതു സാദ്ധ്യമല്ല. മതവും ശാസ്ത്രവും സഹോദരഭാവം കൈക്കൊള്ളേണ്ടുന്ന കാലം അതിക്രമിച്ചിരിക്കുന്നു.

മതസംബന്ധമായ ഇന്നത്തെ വിപ്ലവങ്ങൾ ഉപയോഗശൂന്യങ്ങളല്ല; പ്രത്യുത, അവയെക്കൊണ്ടു വളരെ പ്രയോജനങ്ങളുണ്ട്. ജീവിതരഹസ്യത്തെപ്പററി ഇന്നത്തേക്കാളധികം ജ്ഞാനമുണ്ടാകാനുള്ള ഒരു വഴിയാവും ഈ വിപ്ലവങ്ങൾ. എന്നുമാത്രമല്ല, ഏതു മതത്തിൻേറയും വിശ്വാസപരിധി ഇന്നത്തേക്കാളധികം വിപുലമാകാനും

ഈ വിപ്ലവങ്ങൾ സഹായിക്കുമത്രെ. ഇന്നത്തെ മതങ്ങളിൽ കാണുന്ന അന്ധവിശ്വാസാദികളായ ന്യൂനതകളെ പരിഹരിക്കുന്നതിന്നു ശാസ്ത്രം എത്രയും ഉപകരിക്കുന്നു. ശാസ്ത്രം മതത്തിന്നു വിരുദ്ധമായ ഒരു പ്രസ്ഥാനമല്ല. ശാസ്ത്രതത്വങ്ങളെ ഉപയോഗിക്കുന്ന രീതിയുടെ വ്യത്യാസംകൊണ്ടാണ് ശാസ്ത്രം മതത്തിന്നു സഹായമായോ ഉപദ്രവമായോ പരിണമിക്കുന്നത്. പരിണാമവാദത്തെക്കുറിച്ചുള്ള അല്പം ചില സൂചനകൾകൊണ്ടു ഈ വാസ്തവം ഞാൻ വെളിപ്പെടുത്താം:

പരിണാമവാദത്തിന്റെ അടിസ്ഥാനതത്വങ്ങളായി പാരമ്പര്യം, വ്യതിചലനം, ജനനം എന്നി മൂന്നു വ്യാപാരങ്ങളുണ്ടെന്നു ഡാർവിൻ സമ്മതിക്കുന്നുവെന്നതു സർവ്വവിദിതമായ ഒരു സംഗതിയാണല്ലോ. വ്യതിചലനം സംഭവിക്കുന്നതെങ്ങിനെയെന്നു വിവരിയ്ക്കാൻ തനിക്കു സാദ്ധ്യമല്ലെന്നു അദ്ദേഹം വിളിച്ചുപറയുന്നു. വ്യതിചലനങ്ങളുണ്ടാകുന്നുവെന്നതിന്നു സംശയവുമില്ല. വ്യതിചലനങ്ങളില്ലാതിരുന്നുവെങ്കിൽ, സന്തതികൾക്കു മാതാപിതാക്കന്മാരിൽനിന്നും യാതൊരന്തരവും ഉണ്ടാകയില്ലായിരുന്നു. അപ്രകാരമായാൽ, ലോകം ഇന്നും നന്ന ചെറിയ പ്രാണികളെക്കൊണ്ടുമാത്രം സമ്പൂർണ്ണമായിരുന്നേനെ. വസ്തുസ്ഥിതി അപ്രകാരമല്ലാത്തതിനാൽ, മാതാപിതാക്കന്മാരിൽനിന്നും അന്തരങ്ങളോടുകൂടിയ സന്തതികൾ ചില ജീവികൾക്കെങ്കിലുമുണ്ടായെന്നു അനുമാനിക്കേണ്ടിയിരിക്കുന്നു. മാതാപിതാക്കന്മാരും സന്തതികളും തമ്മിലുള്ള അന്തരം രണ്ടുതരത്തിലുള്ളവയാണ്. ഒരു തരത്തിലുള്ള അന്തരങ്ങൾ ജീവിതായോധനത്തിൽ ജീവികൾക്കു ഉപ

കാരമായും മറേറ തരത്തിലുള്ളവ ഉപദ്രവമായും പരിണ മിക്കുന്നു. സഹായപ്രദങ്ങളായ അന്തരങ്ങളോടുകൂടിയ ജീവികൾക്കു സന്താനങ്ങളുണ്ടാകയും, അങ്ങിനെ ഒരു വർഗ്ഗം നവമായി സ്ഥാപിതമാകയും ചെയ്യുന്നു. മറേറ തരക്കാർക്കു ജീവിതായോധനത്തിൽ പരാജയം സിദ്ധമാകയും അവ കാലാന്തരത്തിൽ നാമാവശേഷമാകയും ചെയ്യുന്നു. ക്രമാ നുഗതമായാണു അന്തരങ്ങളുണ്ടാകുന്നതെന്നു് ജീവിശാസ്ത്ര ജ്ഞന്മാർ സമ്മതിക്കുന്നില്ല. പടിപടിയായുള്ള അന്തര ങ്ങളെക്കൊണ്ടല്ല പരിണാമം സിദ്ധമാകുന്നതു്; നേരേമ റിച്ചു്, കുതിച്ചു മാറ്റങ്ങളെക്കൊണ്ടാണെന്നു് ഊഹിക്കേണ്ടി യിരിക്കുന്നു. ഈ ചാട്ടങ്ങൾക്കുള്ള കാരണമെന്തെന്നു ഇന്നേവരെ അറിയപ്പെട്ടിട്ടില്ല. ഉത്തമാവശേഷധർമ്മ മെന്ന തത്വം അവയ്ക്കു മതിയായ കാരണമാകുന്നില്ല. ഉത്തമാവശേഷധർമ്മത്തിൻെറ വ്യാപാരംകൊണ്ടു് ജീവി കൾ വർദ്ധിക്കുകയല്ല നശിക്കുകയാണു ചെയ്യുന്നതു്. വ്യതി ചലനങ്ങളെ പരമ്പരയായി കൈമാററംചെയ്യുന്നുവെന്ന കാര്യത്തിലും ജീവിശാസ്ത്രജ്ഞന്മാർക്കു പരിപൂർണ്ണമായ ജ്ഞാനം സിദ്ധമായിട്ടില്ല. ജീവാണുക്കൾക്കു ബാധകമ ല്ലാത്ത വ്യതിചലനങ്ങളെ കൈമാററംചെയ്വാൻ സാദ്ധ്യ മല്ല. പരിതഃസ്ഥിതിവിശേഷങ്ങൾകൊണ്ടോ, ഉപയോ ഗരീതിയിലുള്ള വ്യത്യാസംകൊണ്ടോ ശരീരത്തിന്നന്തരം സംഭവിയ്ക്കുന്നതാണു്. എന്നാൽ പരിശീലനംകൊണ്ടു സിദ്ധിച്ച ഗുണങ്ങളെ കൈമാററംചെയ്യേണമെങ്കിൽ, അവ ബീജാങ്കുരത്തെക്കൂടി ബാധിക്കേണ്ടിയിരുന്നു. ഉത്ത മാവശേഷധർമ്മമല്ല പ്രധാന കാരണം. വ്യത്യസ്തവർഗ്ഗങ്ങ ളിലുള്ള ജീവികൾ തമ്മിൽ വ്യവസ്ഥാപിതങ്ങളായ ചില

സഹകരണങ്ങളുണ്ട്. ലോകമാക്രം ഭ്രമണംചെയ്യേണ്ടുന്ന ആവശ്യത്തിലേക്കായി ജീവശ്ശക്തും സസ്യോല്പാദകമായും ജീവോല്പാദകമായും പിരിഞ്ഞു. ഈ രണ്ടുതരത്തിലുള്ള ശ്ശക്കുവും തമ്മിലുള്ള ബന്ധംകൊണ്ടാണ് ലോകം സാമുദായികസ്ഥിതിയിൽ വത്തിക്കുന്നത്. ലോകത്തിൽ പരിണാമം നടക്കുന്നുണ്ടെന്ന കാര്യത്തിൽ സന്ദേഹമില്ല; എന്നാൽ പരിണാമത്തിന്നു കാരണമായ ശക്തികളെക്കുറിച്ചു ശരിയായ ജ്ഞാനം നമുക്കു സിദ്ധമായിട്ടില്ല.

വികാസം എന്ന തത്വമാണ് പരിണാമത്തിൻെറ അസ്തിവാരം. സൃഷ്ടിയുടെ സ്ഥാനത്തു പരിണാമം വികാസത്തെ അഭിഷേകംചെയ്യുന്നു ബ്രഹ്മാണ്ഡത്തിൻെറ ആദികാരണത്തെപ്പററി പരിണാമം ഒന്നുംതന്നെ പ്രസ്താവിയ്ക്കുന്നില്ല. പ്രാഥമികകാരണങ്ങളെപ്പററി ശാസ്ത്രത്തിന്നു ഒന്നുംതന്നെ അറിയുകയില്ല. അതുകൊണ്ട് ലോകവ്യാപാരങ്ങളെപ്പററിയുള്ള കൂലങ്കഷമായ വിമശ്നങ്ങളാണ് ശാസ്ത്രസിദ്ധാന്തങ്ങളെന്നു പറയാൻ തരമില്ല. വൈദ്യുതദീപം പ്രവത്തിയ്ക്കുന്നതെങ്ങിനെയെന്നു നാം വിദ്യാസമ്പന്നനല്ലാത്ത ഒരുവനോടു ചോദിച്ചാൽ യാതൊരു ക്ലേശവുമില്ലാതെ അയാാം 'ബട്ടനമത്തുക'യെന്നു പറയും. നമ്മുടെ ചോദ്യം ഒരു ശാസ്ത്രജ്ഞനോടായിരുന്നാൽ, അയാാം വൈദ്യുതപ്രവാഹമുണ്ടായതെങ്ങനെയെന്നതിനെപ്പററി സംസാരിക്കും. വൈദ്യുതശക്തിയുടെ ഉത്ഭവത്തെപ്പററി തനിക്ക് യാതൊരറിവുമില്ലെന്നും അയാാം സമ്മതിക്കും. ലോകത്തിൻെറ ആദിമകാരണങ്ങളുമായി ശാസ്ത്രത്തിന്നു യാതൊരു ബന്ധവുമില്ല. ഈശ്വരനുണ്ടെന്നോ, ഈശ്വരനില്ലെന്നോ ശാസ്ത്രം പ്രസ്താവിക്കുന്നതുമില്ല.

ലോകത്തിൻെറ സാധാരണവ്യാപാരങ്ങളെപ്പററിയാണ് പരിണാമം വിമശിക്കുന്നതു്. പരിണാമം അത്യധികം ശക്തിമത്തായ ഒരു വലയത്രെ. അതിൽ ഉദ്ദേശമില്ലായ്കയുമില്ല. നിശ്ചിതപന്ഥാവുകളിൽകൂടി ചരിക്കുന്ന ഈ നാടകത്തിൽ ഒരു പ്ലോട്ടുണ്ടെന്നു സിദ്ധംതന്നെ. അത്യുന്നതഗിരികളും അത്യഗാധഗഹ്വരങ്ങളും ചാടികടന്നു് പരിണാമം മുന്നോട്ടുതന്നെ ഗമിക്കുന്നു; ഗതി സാവധാനത്തിലാണെന്നേയുള്ളു. പരിണാമപദ്ധതിയെപ്പററിയുള്ള ജ്ഞാനം വദ്ധിക്കുന്തോറും ബ്രഹ്മാണ്ഡഘടനയിലുള്ള കുഴപ്പങ്ങളും പരിതഃസ്ഥിതിവിശേഷങ്ങൾക്കനുസാരമായി വത്തിക്കുന്നതിന്നുള്ള സ്വഭാവസ്വീകരണവും വദ്ധിക്കയാണ്. ബ്രഹ്മാണ്ഡചക്രഭ്രമണം ചില നിയതപ്രമാണങ്ങൾക്കനുസാരമായ വിധത്തിലാണെന്നതിന്നും പരിപൂണ്ണതപ്രാപ്തിയിലേക്ക് അതു ത്വരിതഗമനം ചെയ്യുകയാണെന്നുള്ളതിന്നും സംശയമില്ല. ഈ വിധത്തിലാകുന്നതിന്നു് ചില കാരണങ്ങൾ കൂടിയേ കഴിയൂ; ഈ കാരണങ്ങളെപ്പററിയുള്ള നമ്മുടെ ബോധം മൂന്നു തരത്തിലാകാം. ദൈവമില്ലെന്നു ഒരു വാദം കൊണ്ടുവരാം; അനവധി ഈശ്വരന്മാരുണ്ടെന്നു മറെറാരു വാദം പുറപ്പെടുവിച്ചേക്കാം. സകലത്തേയും ഭരിക്കുന്നവനായി ഒരു ദൈവമുണ്ടെന്നായിരിക്കാം മൂന്നാമത്തെ വാദം. ഇതിൽ പ്രഥമമായി പ്രസ്താവിച്ച വാദം അഥവാ തത്വം സ്വീകാരയോഗ്യമല്ല. ഒരു നിയന്താവില്ലാതെ ഇത്തരത്തിലുള്ള ലോകചക്രഭ്രമണം സാദ്ധ്യമല്ല. പരിതഃസ്ഥിതിവിശേഷങ്ങൾക്കനുസരിച്ചു് വത്തിക്കുന്നതിന്നുള്ള രൂപങ്ങളെ ജീവികൾ കൈക്കൊള്ളുന്നതു് ആകസ്മികമായ ഒരു സംഭവമായി

കരുതാൻ ന്യായംപോര. ജീവികളിൽ വ്യത്യാസം വരുന്നതും, പരിതഃസ്ഥിതികളുടെ സഹായംകൊണ്ടു ഗുണകരങ്ങളായ വ്യത്യാസങ്ങളുണ്ടാകുന്നതും, പരിണാമത്തിൽ അന്തർഭവിച്ചിരിക്കുന്ന മററുള്ള ശക്തികൾ പ്രവൎത്തിക്കുന്നതും ആകസ്മികസംഭവങ്ങളാണു്—വിവേചനാശക്തിയോടുകൂടിയ ഒരു നിയന്താവിൻെറ പ്രേരണമൂലമല്ല—എന്നുള്ള വാദം സാധുവല്ല. ലോകത്തിൽ കാണുന്ന നിയമം, ക്രമം, ലോകചക്രഭ്രമണത്തിലുള്ള കൃത്യത, ലോകവ്യാപാരങ്ങളുടെ പരസ്പരസംബന്ധം എന്നിവ ആലോചിച്ചാൽ ഒന്നിലധികം ഈശ്വരന്മാരുണ്ടെന്ന വാദവും സാധുവല്ലാതെ ഭവിക്കുന്നു. സൎവ്വനിയന്താവായ ഒരു ശക്തി; വ്യത്യാസങ്ങളെ ഉല്പാദിപ്പിക്കുന്നതിന്നു സമൎത്ഥനായ ഒരു സ്രഷ്ടാവു ഉണ്ടെന്നു നമുക്കു സമ്മതിക്കേണ്ടിവരുന്നു. ഈ തത്വം സ്വീകരിക്കുന്നതു എത്രയും ഗുണകരമായ ഒന്നാണു്. ജഡത്തിന്നു ജീവനെ നല്കി അതിൽ മനസ്സ്, ബുദ്ധി, ആത്മാവ് എന്നിവയെ ഉളവാക്കുന്നതു പരിപൂൎണ്ണത്വപ്രാപ്തിയിലേക്കുള്ള ത്വരിതഗമനത്തിൻെറ ഒരു സൂചകമായി ഗണിക്കാം. മുന്നോക്കമുള്ള ഗതിക്കു് വിഘാതങ്ങളില്ലായ്കയില്ല; ഭോഷത്വം, ക്രൂരത എന്നിവ വിഘാതങ്ങളത്രെ. മതവ്യാപാരങ്ങളുടെ പരിഷ്കാരം, വേദനയറിയൽ, അവാന്തരവിഭാഗങ്ങൾ തമ്മിലുള്ള യോജിപ്പ്, ശക്തി മുതലായി സാരഗണനീയങ്ങളെന്നു നമുക്കു തോന്നുന്ന ഗുണങ്ങളെ ആസ്പദമാക്കുന്നതായാൽ ചൈതന്യത്തിൻെറ ഗതി പരിപൂൎണ്ണത്വപദവിയിലേക്കാണെന്നു കാണാം. പരിപൂൎണ്ണത്വപ്രാപ്തിക്കുള്ള ഉദ്യമം താൻ ചെയ്യുന്നുവെന്നു ഏതു മനുഷ്യനുമറിയാം. മനുഷ്യൻ

പരിപൂൎണ്ണതയ്ക്കുവേണ്ടി ഉദ്യമിച്ചു പരിപൂൎണ്ണാവസ്ഥയിലെത്തുന്നു. ഇതരജീവികളിൽ ഈ പരിപൂൎണ്ണാവസ്ഥ അവ അറിയാതെത്തന്നെ സംഭവിക്കുന്നു. ഒരേഒരു തരത്തിലുള്ള കാൎയ്യസിദ്ധിയ്ക്കാണ് നാം യത്നിക്കുന്നത്. നികൃഷ്ടജീവികളിൽ സ്വയമേവ ജാതമാകുന്ന ഗുണങ്ങൾ മനുഷ്യനിൽ ഉണ്ടാകാൻ അവൻ അറിഞ്ഞു ഉദ്യമിച്ചുവെന്നുമാത്രം. ചൈതന്യനാശത്തിന്നു കാരണങ്ങളായ നടപടികളെയല്ല നാം സ്വീകരിക്കുന്നത്. നമ്മുടെ ഉദ്യമങ്ങൾ നാം എന്നും തുടൎന്നുകൊണ്ടുതന്നെയിരിക്കുന്നു. സിദ്ധമാകേണ്ടുന്ന ഉദ്ദേശം ഒന്നുതന്നെയാണുതാനും. പരിപൂൎണ്ണതപ്രാപ്തിയ്ക്കുള്ള നമ്മുടെ ഉദ്യമത്തിൽ ലോകശക്തികൾ നമ്മെ സഹായിക്കുന്നുണ്ടെന്നും, തിരശ്ശീലക്കു പിന്നിലായി മറഞ്ഞു നിന്നു നമ്മെ സഹായിക്കുന്ന ഒരു പരാശക്തിയുണ്ടെന്നും നമുക്കു സമാധാനിക്കാം. നമ്മുടെ ആകാരത്തിൽനിന്നും വിഭിന്നമായ ഒരു രൂപത്തിൽ ഈ ശക്തിയെപ്പററി ചിന്തിപ്പാൻ നമുക്കു സാദ്ധ്യമല്ല. എന്നാൽ നമ്മുടെ ബുദ്ധിക്കു സുഗ്രഹമാകാൻ തരമില്ലാത്ത വിധം വിപുലവും അവ്യക്തവുമായ ഒരു ശക്തിയുടെ വെറും ഒരു ഛായ മാത്രമാണു ഒരു രൂപമെന്ന കഥ നാം വിസ്മരിക്കരുത്. ലോകചക്രം നിൎമ്മിച്ച് അതിനെ തിരിച്ചുവിട്ട ഒരു എഞ്ചിനീയറായോ ലോകചക്രത്തിൻെറ ഭ്രമണത്തിൽ ആവശ്യമായും അനാവശ്യമായും പ്രവേശിച്ച് രസിക്കുന്ന ഒരു താന്തോന്നിയായോ ദൈവത്തെ ഗണിപ്പാൻ തരമില്ല. ലോകചക്രത്തിൽ എവിടേയും വ്യാപരിക്കുന്ന ഒരു ശക്തിയായാണ് നാം ദൈവത്തെ കരുതേണ്ടത്.

ഈ പരിപൂർണ്ണത്വത്തിലേക്കുള്ള യാത്രയുമായുള്ള ഐകരൂപ്യത്തിനാണ് മതജീവിതമെന്നു പറയുന്നത്. എന്തെങ്കിലും ലഭിക്കേണമെന്നുള്ള ഒരു അപേക്ഷയല്ല അത്. നമ്മുടെ മനസ്സിൽ ജന്യമാകുന്ന വികാരങ്ങൾ നിമിത്തമുണ്ടാകുന്ന ബഹുമതിയുമല്ല വാസ്തവമായ മതജീവിതം. മനുഷ്യാത്മാവിനെ ആകമാനം ഇളക്കിമറിക്കുന്ന ആദ്ധ്യാത്മികമായ ജ്ഞാനമാണത്. ഏററവും പരിശുദ്ധമായ ഭക്തിയും, ഏററവും പരിപൂർണ്ണമായ ജ്ഞാനവും ഇതത്രെ. നാം ദൈവത്തെ സ്നേഹിക്കുന്നതിന്നു സമം ദൈവം നമ്മേയും സ്നേഹിക്കേണമെന്നു പറയുന്നതു പരമാത്ഥമായ സ്നേഹത്തിൻെറ ലക്ഷണമല്ലെന്നാണു സ്പിനോസ് പറയുന്നത്. ഈശ്വരനെ നാം സ്നേഹിക്കുന്നത് പ്രത്യുപകാരത്തേയോ, ഫലത്തേയോ ആഗ്രഹിച്ചല്ല. ആ സ്നേഹം സമാശ്വാസത്തേയോ, സമാധാനത്തേയോ, പ്രത്യുപകാരത്തേയോ ആവശ്യപ്പെടുന്നില്ല. അതിൻെറ തൃപ്തി അതിൽത്തന്നെ അന്തർലീനമായി കിടക്കുകയാണ്. പരിപൂർണ്ണമായ സ്വാത്ഥധ്വംസനമാണ് അതിൻെറ ഫലം. പരിപൂർണ്ണമായ കർമ്മവും അതത്രെ. ലോകത്തിൻെറ നേരെ അതിന്നു യാതൊരു പരിഭവവുമില്ല. ജനനമരണാദികളെ സ്വീകരിച്ച് ജീവിതത്തെ പുനരുദ്ധാരണം ചെയ്വാനാണ് അത് ശ്രമിക്കുന്നത്. ഭാവിയിൽ ലഭ്യമായേക്കാവുന്ന സമ്മാനത്തേയോ, ആധുനികകാലത്തുണ്ടായേക്കാവുന്ന രസത്തേയോ ലക്ഷ്യമാക്കിയല്ല അതിൻെറ പ്രവൃത്തി. സ്നേഹപരിപൂർണ്ണമായ ജീവിതം പ്രവൃത്തിപരമായതുകൊണ്ടാണ് അതങ്ങിനെ പ്രവത്തിക്കുന്നത്.

അദ്ധ്യായം നാല്.

## ശാസ്ത്രവും മതവും

മനുഷ്യരുടെ വിചാരങ്ങളേയും പ്രവൃത്തികളേയും സ്ഥാപനങ്ങളേയും നിയന്ത്രിക്കുന്നവയായി ലോകത്തിൽ രണ്ടു ശക്തികളുണ്ട്. അവ മതവും ശാസ്ത്രവുമാകുന്നു. ഈ ശക്തികൾ ഭൂതകാലത്തിലും മനുഷ്യരുടെ വിചാരങ്ങളേയും പ്രവൃത്തികളേയും സ്ഥാപനങ്ങളേയും നിയന്ത്രിച്ചിരുന്നു. ഭൂതകാലത്ത് മതത്തിന്നായിരുന്നു അധികം പ്രാബല്യമെന്നും, ഭാവിയിൽ ശാസ്ത്രത്തിന്നായിരിക്കും അധികം പ്രാബല്യമെന്നും ഒരു പക്ഷമുണ്ടായേക്കാം. ആധുനികകാലത്തു ഈ രണ്ടു ശക്തികൾക്കും പ്രാബല്യം തുല്യമാണെന്നുള്ളതിൽ സംശയത്തിന്നു വഴിയില്ല. ഈ രണ്ടു ശക്തികളും തമ്മിലുള്ള ബന്ധമെന്തെന്നും, അവ അന്യോന്യം പെരുമാറുന്നതെങ്ങനെയെന്നും വിചിന്തനം ചെയ്യുന്നതിന്നുമുമ്പായി മതം എന്ന പദംകൊണ്ടു നിർവ്വചിക്കുന്ന ശക്തി ഏതെന്ന് നാം നല്ലപോലെ അറിഞ്ഞിരിക്കേണ്ടതാണ്. മതം ഇന്നതെന്നു വിവരിക്കയെന്നതു എളുപ്പമായ ഒരു കാര്യമല്ല. ഏകമൂലതത്വത്തെയല്ല നാം മതമെന്ന ശബ്ദംകൊണ്ടു നിർവ്വചിക്കുന്നത്. തത്വങ്ങളുടെ ഒരു സംഘടനയാണ് മതം. മതം കൈക്കൊണ്ടിട്ടുള്ള രൂപം നിരവധിയാകയാൽ, അതിൻെറ സാക്ഷാൽരൂപം ഇന്നതെന്നു കണ്ടെത്തുവാൻ പ്രയാസംതന്നെ. മതം വ്യക്തിപരമായും സമുദായപരമായുമുള്ള ഒരു ശക്തിയുമാണ്. മതത്തെ സാമുദായികമായ ഒരു ശക്തിയായി കരുതുന്നതായാൽ, വ്യവസ്ഥാപിതങ്ങളായ അനവധി തത്വങ്ങൾ

 12649

അതിലുണ്ടെന്നു കാണാം. ലോകവ്യാപാരങ്ങളേയും ജനനമരണാദികളേയും പററി ഒരു പ്രത്യേക വ്യക്തിക്കുള്ള അഭിപ്രായസമൂഹമാണു് മതമെന്നും വരാവുന്നതത്രെ. ലോകചക്രത്തെ ഒരു മനുഷ്യൻ വീക്ഷണം ചെയ്യുന്നതെങ്ങിനെയെന്നു് അറിയുകയാണു അയാളുടെ മതമെന്തെന്ന അന്വേഷണം നടത്തൽ എന്നത്രെ എഡ്വേർഡ് കെഡ് എന്ന മഹാൻ അഭിപ്രായപ്പെടുന്നതു്. വേദവാക്യത്തിന്നു പ്രാമാണ്യം നല്കുന്നതു് മതസംബന്ധമായ ഒരു പ്രവൃത്തിയാണു്. സന്യാസവ്രതം കൈക്കൊണ്ടു സന്യാസമഠങ്ങളിൽ വസിക്കയെന്നതും മതസംബന്ധമായ ഒരു പ്രവൃത്തിതന്നെ. മതസംബന്ധമായ ഈ വക വ്യവസ്ഥകൾ വ്യക്തികളുടെ സ്വഭാവരൂപവല്ക്കരണത്തിന്നു സഹായികളാണെന്നുള്ളതിൽ സംശയത്തിന്നു വഴിയില്ല. മനുഷ്യനിൽ അന്തർലീനമായിരിക്കുന്ന ഏററവും മഹത്തായ ശക്തിയുടെ വ്യാപാരത്തെ നിയന്ത്രിക്കുന്ന വ്യക്തിപരമായ ഒരു മതമുണ്ടു്. മതത്തെപ്പററിയുള്ള ഒരു വിവരണത്തിൽ ഈ സംഗതി പ്രത്യേകം സ്മരണീയമാണു്. മതാചാര്യന്മാരോടോ, മതാനുഷ്ഠാനങ്ങളോടോ അതിന്നു യാതൊരു ബന്ധവുമില്ല. മനുഷ്യന്റെ വ്യാപാരങ്ങളെ നിയന്ത്രിക്കുന്ന സന്മാർഗ്ഗപ്രതിപാദകശാസ്ത്രതത്വങ്ങളോടു അതിന്നു ഐകരൂപ്യവുമില്ല. വിപുലവും അവ്യക്തവുമായ ഈ ജഗത്തിൽ നിവസിക്കുന്ന ഏതൊരു ജീവിക്കും എന്തൊ ഒരു അസ്വാസ്ഥ്യമുള്ളതായിക്കാണാം. ഈ അസ്വാസ്ഥ്യത്തെ ധ്വംസനം ചെയ്യുന്നതിന്നു് അശ്രാന്തപരിശ്രമം നടന്നുവരുന്നതുമുണ്ടു്. മനുഷ്യരേക്കാൾ ഉൽകൃഷ്ടരെന്നു ഗണിച്ചുവരുന്ന ദേവകളുമായി ഏതെങ്കിലും ഒരു തരത്തിലുള്ള ബന്ധത്തി

ലേപ്പെട്ടാണ് ഈ അസ്വാസ്ഥ്യധ്വംസനത്തിന്നു മനുഷ്യൻ യത്നിക്കുന്നത്. ദേവകളുമായുള്ള ബന്ധം വേണ്ടവിധമായിട്ടുണ്ട് എന്ന ബോധത്തിന്റെ അഭാവത്തിൽനിന്നാണ് മതവും മതസംബന്ധമായ സകലവിധ അനുഷ്ഠാനങ്ങളും ഉത്ഭവിക്കുന്നതു എന്നത്രെ ബൊസാൻകെ എന്ന മഹാനഭിപ്രായപ്പെടുന്നത്. ദൈവികമെന്നു കരുതിവരുന്ന ശക്തികളുമായി തന്റെ ബന്ധമെന്തെന്നു ഓരോ വ്യക്തിക്കുമുള്ള ബോധത്തിൽനിന്നു ജന്യമാകുന്ന വികാരങ്ങളും, ചേഷ്ടകളും, അനുഭവങ്ങളുമാണ് മതം എന്നത്രെ വില്യം ജെംസ് എന്ന മഹാൻ പറയുന്നത്. അദ്ദേഹത്തിന്റെ ഈ വിവരണം നമുക്കു സ്വീകരിക്കാം. പ്രകൃതിയുടെ ശക്തിയെ അതിശയിച്ചുള്ള ശക്തിയോടുകൂടിയ ഒരു ദൈവത്തിൽ അഥവാ ശക്തിയിൽ വിശ്വസിച്ച് മോക്ഷം കൊണ്ടോ, അമർത്ത്യത്വംകൊണ്ടോ അതിൽ ലയിക്കാമെന്ന തത്വം ഉൽകൃഷ്ടമെന്നു ഇന്നു നാം കരുതുന്ന സകല മതങ്ങളും പ്രതിപാദിക്കുന്നു.

മനുഷ്യന്റെ വിവേചനശക്തി—കാര്യകാരണാലോചനശക്തി—പൂർണ്ണവികാസം പ്രാപിച്ചിട്ടില്ലാത്ത ഒരു സ്ഥിതി; മനുഷ്യന്റെ ഇന്നത്തെ വികസിതപദവിക്കു യോജിക്കാത്ത ഒരു ആലോചനപദ്ധതിയാണ് മതമെന്നൊരു പക്ഷമുണ്ട്. മതം പ്രതിപാദിക്കുന്ന തത്വങ്ങളുടെ ന്യായാന്യായങ്ങളെപ്പററി വിമർശനംചെയ്യാൻ മതവിശ്വാസം അനുവദിക്കുന്നില്ല. സ്വതന്ത്രമായ കാര്യകാരണവിവേചനപദ്ധതിയെ സ്വീകരിപ്പാനാണ് ശാസ്ത്രം ഉപദേശിക്കുന്നത്. ഇങ്ങിനെ നോക്കുന്നതായാൽ മതവും ശാസ്ത്രവും പരസ്പരവിരുദ്ധങ്ങളായ ശക്തികളാണെന്നു

കാണാം. ഇക്കാലം ശാസ്ത്രയുഗമാണെന്നാണല്ലോ പണ്ഡിതാഭിപ്രായം. അതുകൊണ്ടു മതം ഇക്കാലത്തേക്കു യോജിച്ച ഒരു ശക്തിയല്ല; എന്നുമാത്രമല്ല, സ്വതന്ത്രമായ കാര്യകാരണവിവേചനപദ്ധതിക്കു വിരുദ്ധമായതുകൊണ്ടു മതം ആധുനികകാലത്തേക്കൊരു ഉപദ്രവമാണെന്നുകൂടി ചിലർ അഭിപ്രായപ്പെടുന്നു. മതം ശാസ്ത്രത്തേക്കാൾ പ്രാചീനമായ ഒരു പ്രസ്ഥാനമാണെന്ന സംഗതി വാസ്തവംതന്നെ. അതുകൊണ്ടു ആദിമകാലങ്ങളിൽ മനുഷ്യൻെറ പര്യാലോചനക്കു വിഷയീഭവിച്ചിരുന്ന പലേ സംഗതികളും അതിൽ ഇന്നും പ്രതിപാദിച്ചുപോരുന്നുണ്ടു്. ഈ സംഗതികളിൽ ചിലവയുടെ മുക്കാലേഅരയ്ക്കാൽ ഭാഗവും, ചിലവ ആസകലംതന്നേയും ശാസ്ത്രം നിഷ്കാസനംചെയ്യുന്നു.

ശാസ്ത്രമെന്നാലെന്തെന്നു അല്പം ആലോചിച്ചുനോക്കുക. "അവലോകനംചെയ്തും പരീക്ഷണംചെയ്തും സിദ്ധമാകുന്ന ജ്ഞാനത്തെപ്പററി പര്യാലോചനകഴിച്ചു് ലഭ്യമാകുന്ന വ്യവസ്ഥാപിതവും, തെളിയിപ്പാൻ സുസാധ്യവും, കൈമാററംചെയ്യുന്നതിന്നു ഉതകുന്നതുമായ സകല തരത്തിലുള്ള അറിവിന്നും ശാസ്ത്രമെന്നു പറയാം" എന്നാണു് പ്രൊഫസർ ജെ. ആർതർ തോംസൻ എന്ന മഹാൻെറ അഭിപ്രായം. പ്രകൃതിശക്തികളുടെ വ്യാപാരത്തെ നിയന്ത്രിക്കുന്നതിന്നു ക്രമപ്രവൃദ്ധമായ ഒരു അധികാരശക്തിയാണു് ശാസ്ത്രം എന്നത്രെ ഒരു സാധാരണമനുഷ്യൻെറ ധാരണ കമ്പിയില്ലാക്കമ്പി, ടെലഫോൺ, വാർത്താനിവേദനം, ആകാശതരണം, വൈദ്യശാസ്ത്രത്തിലെ അതിശയങ്ങൾ എന്നിവ കാണുന്നതുകൊണ്ടു അയാൾ അമ്പരന്നുപോകുന്നു. മനുഷ്യരുടെ സ്വഭാവരൂപവല്ക്കരണത്തിലും

അവരുടെ ചിന്താപദ്ധതിയിലും സാരഗണനീയങ്ങളായ മാററങ്ങൾ ഇവകൊണ്ടു സിദ്ധമാകുന്നതുമുണ്ട്. എന്നാൽ മതവും ശാസ്ത്രവും തമ്മിലുള്ള ബന്ധമെന്തെന്ന അന്വേഷണത്തിൽ ശാസ്ത്രത്തിൻെറ ഈ ഭാവം മാത്രം നോക്കിയാൽപോരാ! മനുഷ്യബുദ്ധിയുടെ മാഹാത്മ്യബോധം, ലോകരഹസ്യങ്ങളെപ്പററിയുള്ള ഒരു നിന്ദാഭാവം എന്നിവയാണു മുൻപറഞ്ഞ ഭൌതികപരമായ വിജയങ്ങൾകൊണ്ടു സിദ്ധമാകുന്ന ഫലങ്ങൾ. എന്നാൽ മനസ്സിൻെറ ശാസ്ത്രതത്വാന്വേഷണതല്പരതയാണ് മതവിശ്വാസത്തിന്നു് ഏററവും പ്രബലമായ ശത്രുവെന്ന സംഗതിയത്രെ നാം പ്രത്യേകം സ്മരിക്കേണ്ടതു്. സ്വാധികാരപ്രഭുത്വം, കാര്യകാരണവിവേചനരാഹിത്യം, യാഥാസ്ഥിതികത്വം എന്നിവയ്ക്കു് മതവിശ്വാസം കാരണമാകുമെന്നും; നേരേമറിച്ചു്, പര്യാലോചന, കാര്യകാരണവിവേചനതല്പരത എന്നിവയ്ക്കാണ് ശാസ്ത്രബുദ്ധി കാരണമാവുകയെന്നും ഒരഭിപ്രായമുണ്ടു്. "ജിജ്ഞാസ എന്ന ഗുണത്തിനാണ് മറേറതിനേക്കാളും ശാസ്ത്രബുദ്ധിയിൽ പ്രാമാണ്യം" എന്നത്രെ മിസ്റ്റർ ബെർററാൻറ് റസ്സൽ പറയുന്നതു്. നമ്മുടെ സ്വന്തമായ ആഗ്രഹങ്ങളേയോ, അഭിനിവേശങ്ങളേയോ, അഭിരുചികളേയോ വകവെക്കാതെ ജ്ഞാനസമ്പാദനത്തിന്നൊരുങ്ങുകയാണു ശാസ്ത്രബുദ്ധിയുടെ ലക്ഷണം. സത്യാന്വേഷണോദ്യമത്തിൽ ഇതരസംഗതികൾ വിസ്മരിക്കപ്പെട്ടുപോകുന്നു. നമ്മുടെ അനുഭവം ഇങ്ങിനെയാണോ? സാമുദായികകാര്യങ്ങളിൽ മാത്രമല്ല, ശാസ്ത്രകാര്യങ്ങളിൽക്കൂടി മനുഷ്യർ വൈരവും അപമര്യാദയും പ്രദർശിപ്പിക്കുന്നു. ശാസ്ത്രതല്പരനായ ഒരുവന്നു് അനവധി ഗുണങ്ങളുണ്ടായിരിക്കണം.

സത്യാന്വേഷണതല്പരത, പരീക്ഷണംകൊണ്ടു സിദ്ധമാകുന്ന ജ്ഞാനം സ്വീകരിപ്പാനുള്ള ജാഗരൂകത, സിദ്ധമാകുന്ന തെളിവുകളെ ആധാരമാക്കി ഒരു തീൎപ്പു് കല്പിക്കാനുള്ള സാമൎത്ഥ്യം. കാൎയ്യകാരണാന്വേഷണതാല്പൎയ്യത്തോടുകൂടിയതാണെങ്കിലും ജ്ഞാനലാഭത്തിനുള്ള സന്നദ്ധത, സാമാന്യം ത്വരിതഗതിയോടുകൂടിയ ചിന്താവൈഭവം എന്നിവ ഒരു ശാസ്ത്രതത്വാന്വേഷണപടുവിനു് ഒഴിക്കവെഹിയാത്ത ഗുണങ്ങളാണു്. മനഃശാസ്ത്രപണ്ഡിതന്മാരുടെ ഭാഷയിലായാൽ, വളരെ ആലോചിച്ചേ ഒരു ശാസ്ത്രജ്ഞൻ വിധി കല്പിക്കാൻ സന്നദ്ധനാകാവൂ എന്നു പറയണം. ജ്ഞാനസമ്പാദനമാൎഗ്ഗങ്ങളെ തടഞ്ഞു ബുദ്ധിയെ വ്യാപാരശൂന്യമാക്കുകയല്ല; പ്രത്യുത മനുഷ്യസാധാരണങ്ങളായ യാതൊരു വികാരങ്ങളുമില്ലാതെ ജ്ഞാനസമ്പാദനത്തിനുള്ള കഷ്ടപ്പാടുകളെ സഹിക്കുന്നതിലും, സത്യാന്വേഷണം നടത്തുന്നതിലും അത്യധികമായ ജാഗരൂകത പ്രദശിപ്പിക്കയാണു ശാസ്ത്രജ്ഞൻ ചെയ്യുന്നതു്. മദമാത്സൎയ്യാദികളെ അമൎത്തി, നമ്മുടെ സ്വന്തം അനുഭവങ്ങൾതന്നെ പരീക്ഷണാൎഹങ്ങളെന്നു ധരിച്ചു്, വസ്തുസ്ഥിതികളെ കൂലങ്കഷമായി പരിശോധിച്ചറിഞ്ഞു് കൃത്യവും (ക്ലിപ്തത) പരസ്പരസംബന്ധവുമുള്ള ജ്ഞാനശകലങ്ങളെ സമ്പാദിപ്പാൻ ഒരുങ്ങിനില്ക്കുന്ന ഒരു ഭാവം എവനുണ്ടോ അവനാണു് ശരിയായ ശാസ്ത്രജ്ഞനെന്നു പറയാം. മനുഷ്യവൎഗ്ഗോദ്ധാരണത്തിന്നുവേണ്ടിയുള്ള പാശ്ചാത്യരുടെ പരിശ്രമങ്ങളിൽ ഏററവും ഉൽകൃഷ്ടമായതു ഈ ശാസ്ത്രീയഭാവലാഭത്തിനുള്ള ഉദ്യമമാണു്. മനുഷ്യരുടെ ശക്തി മാത്രമല്ല, ജ്ഞാനവുംകൂടി വൎദ്ധിക്കുവാൻ ശാസ്ത്രം സഹായിച്ചിട്ടു

ണ്ടെന്നു സമ്മതിച്ചേ തീരൂ. മതമായി താരതമ്യപ്പെട്ടുത്തിവരുന്ന ശാസ്ത്രം ഇതത്രെ. ശാസ്ത്രം അഭിവൃദ്ധിപ്രദവും മതം യാഥാസ്ഥിതികവുമാണെന്നു പറയാൻ ഇതാണു കാരണം. അന്ധവിശ്വാസം, അസഹിഷ്ണുത, വാസ്തവസംഗതികളെ മറച്ചുവെയ്ക്കൽ, പരമതദ്രോഹം മുതലായവയ്ക്കു മതം കാരണമാണെന്നു പറയുന്നതു ഇതുകൊണ്ടത്രെ. "അന്യോന്യം വെറുക്കുവാൻ അത്യാവശ്യമായ മതമാണ് ഇന്നുള്ളവർക്കുള്ളതെ"ന്നു സ്വിഫ്ട് എന്ന മഹാൻ പറയുന്നു. മതത്തെ ശാസ്ത്രത്തിൻെറ ശത്രുവായി കരുതുവാൻ കാരണം ഇതാണ്.

മതവും ശാസ്ത്രവും തമ്മിൽ ഇത്രവളരെക്കാലം നിലനിന്നുവരുന്ന ഈ വൈരത്തിന്നു കാരണമെന്ത്? മന്ത്രവാദം, മതം, ശാസ്ത്രം എന്നീ മൂന്നു പദ്ധതികളിൽക്കൂടി കടന്നാണ് മനുഷ്യൻ ഇന്നത്തെ സ്ഥാനത്തെത്തിയത്. എന്നത്രെ സർ ജെംസ് ഫ്രെസർ എന്ന നരശാസ്ത്രപണ്ഡിതൻെറ അഭിപ്രായം. മതവും ശാസ്ത്രവും തമ്മിലുള്ള ആഹവം ഇനിയും അവസാനിച്ചിട്ടില്ല. ചരിത്രവും, ആദ്ധ്യാത്മികവും സന്മാർഗ്ഗികവുമായ ശക്തികളും, ശാസ്ത്രതത്വങ്ങളും ഈ ആയോധനത്തിന്ന് കാരണങ്ങളാണ്. ശാസ്ത്രതത്വപ്രതിപാദികളെ ഉപദ്രവിപ്പാനും ശാസ്ത്രജ്ഞന്മാരെ മതാചാര്യന്മാരുടെ സ്വാധീനത്തിൽ കൊണ്ടുവരുവാനുമുണ്ടായ സംരംഭങ്ങളാണു ഈ ആയോധനത്തിനുള്ള പ്രഥമകാരണങ്ങൾ. ശാസ്ത്രരീതിയിലുള്ള അന്വേഷണത്തിന്ന് ഇദംപ്രഥമമായി പുറപ്പെട്ടതു് സോക്രട്ടീസ്സ് എന്ന മഹാനാണ്. അദ്ദേഹത്തിൻെറ കാലംമുതൽ ഇന്നേവരെ മതം ശാസ്ത്രത്തെ വിരോധിച്ചിട്ടുണ്ട്. ഐക്യനാ

ടുകളിൽ 1926-ൽ നടന്ന ടെനസ്സറി കേസ്സും പരിണാമ തത്വങ്ങൾ അദ്ധ്യയനം ചെയ്യിക്കരുതെന്നുള്ള കല്പനയും, 1927-ൽ സെൻറ് പോൾസ് പള്ളിയിൽവെച്ച ബർമിംഗാമിലെ ബിഷപ്പു ചെയ്ത പ്രസംഗത്തെക്കുറിച്ചുള്ള വഴക്കുകളും, ശാസ്ത്രതത്വപ്രചാരണത്തിൽ ഹിന്ദുക്കൾ പ്രദശിപ്പിക്കുന്ന വൈമനസ്യവും ഈ ആഹവത്തിലെ (ശാസ്ത്രവും മതവും തമ്മിലുള്ള ആഹവത്തിലെ) ഭടന്മാരാണ്. മതവിശ്വാസത്തിന്നു പ്രതിബന്ധമായി നില്ക്കുന്ന ആദ്ധ്യാത്മികവ്യാപാരം ശാസ്ത്രപരീക്ഷണങ്ങൾകൊണ്ടു ലഭ്യമാകുന്ന ആത്മവിശ്വാസംതന്നെ. ഈ വിശ്വാസത്തിന്നു രണ്ടു ഭാവങ്ങളുണ്ട്. മനുഷ്യൻെറ ജ്ഞാനസമ്പത്തു ദിനംപ്രതി അഭിവൃദ്ധിപ്രാപിച്ചുവരികയാണെന്നും, മനുഷ്യൻെറ അറിവിൽ ഉൾപ്പെടാത്തതായും മനുഷ്യനെക്കൊണ്ടു നിയന്ത്രിക്കാൻ സാധിക്കാത്തതായുമിരിക്കുന്ന നന്നകുറച്ചു സംഗതികൾമാത്രമേ ഉണ്ടാകാൻ തരമുള്ളു എന്നുള്ള വിശ്വാസമാണ് ഇതിൻെറ പ്രഥമഭാവം. മരണം നീട്ടിക്കൊണ്ടുപോകാൻ മനുഷ്യന്ന് സാധിക്കുന്നതത്രെ. ജീവോല്പാദനം തന്നേയും മനുഷ്യന്ന് സാദ്ധ്യമായേക്കാം. തന്നത്താൻ തിരിയുന്ന മനുഷ്യയന്ത്രങ്ങൾ (റോബോട്ട്സ്) ഇതിന്നുദാഹരണമാണ്. മനുഷ്യയന്ത്രങ്ങളെ നിർമ്മിപ്പാൻ തനിക്കു സാധിക്കുമെന്നുതന്നെയാണു ശാസ്ത്രജ്ഞൻെറ അഭിമാനം. 'ആത്മ'സൃഷ്ടിമാത്രം മനുഷ്യന്ന് ഇന്നേവരെ സാദ്ധ്യമായിട്ടില്ല. പ്രകൃതിശക്തികളുടെ വ്യാപാരങ്ങളെ നിയന്ത്രിപ്പാൻ ശാസ്ത്രജ്ഞന്ന് സാധിക്കുന്നതുകൊണ്ടു മനുഷ്യൻെറ സ്വാശ്രയശക്തി ദിനംപ്രതി അഭിവൃദ്ധിപ്രാപിച്ചുതന്നെ വരുന്നു. പ്രകൃതിശക്തികളുടെ വ്യാപാരങ്ങളെ നിയ

ന്ത്രിപ്പാൻ മനുഷ്യന്നു അധികമധികം സാദ്ധ്യമാകുന്നതോടുകൂടി അവയെപ്പററിയുള്ള ഭയവും കുറഞ്ഞുവരുന്നു. അമാനുഷികശക്തികളിൽ മനുഷ്യനുള്ള വിശ്വാസം കുറയുവാൻ ഇതൊരു കാരണമായിത്തീരുന്നു.

ശാസ്ത്രവും മതവും തമ്മിൽ വൈരമാകാൻ ഇതിന്നു പുറമേയും കാരണങ്ങളുണ്ട്. ശാസ്ത്രഗതിയും ശാസ്ത്രത്തിലെ പ്രധാന തത്വങ്ങളും ഈ വൈരത്തിന്നു നിദാനമാണ്. പരിണാമതത്വത്തെത്തന്നെ ഉദാഹരണമായെടുക്കുക. മനുഷ്യൻെറ ഉത്ഭവം കുരങ്ങിൽനിന്നാണെന്നല്ലയോ പരിണാമം പ്രതിപാദിക്കുന്നത്? മിക്ക വേദപുസ്തകങ്ങളിലും കാണുന്നതിന്നു വിരോധമായ ഒരു പ്രസ്ഥാനമല്ലയോ ഇത്? മനുഷ്യൻെറ മനസ്സെന്നല്ല, ലോകമാസകലംതന്നെയും അണുക്കളെക്കൊണ്ടാണു നിമ്മിതമായിരിക്കുന്നതെന്നും, ചില ഭൌതികനിയമങ്ങൾക്കനുസാരമായാണ് അവ പ്രവത്തിക്കുന്നതെന്നുമുള്ള പ്രസ്താവം മതതത്വങ്ങൾക്കു വിരുദ്ധമായിട്ടുള്ളതല്ലയോ? പ്രകൃതിനിയമങ്ങളെ അനുസരിച്ചു വത്തിക്കുന്ന ഭൌതികപദാത്ഥചേഷ്ടകളാണ് മനസ്സിൻെറ വ്യാപാരങ്ങളെന്നും, മനുഷ്യൻെറ ശരീരത്തോടുകൂടി അവൻെറ മനസ്സും നഷ്ടമാകുന്നുവെന്നുമല്ലയോ മുൻപറഞ്ഞതിനത്ഥം? നരശാസ്ത്രതത്വങ്ങളും മതങ്ങളെ താരതമ്യംചെയ്തു ചരിത്രദൃഷ്ട്യായുള്ള പര്യവേക്ഷണങ്ങളും മതതത്വങ്ങളെക്കുറിച്ചുള്ള നിന്ദക്ക് മാർഗ്ഗമായിത്തന്നെ കലാശിക്കുന്നു. ശാസ്ത്രത്തിൻേറയും മതത്തിൻേറയും ഉദ്ദേശ്യങ്ങൾ തമ്മിലുള്ള അന്തരംകൊണ്ടും ഇവ രണ്ടും തമ്മിൽ വൈരമാകാൻ വഴിയുണ്ടെന്നും അവസാനമായി പ്രസ്താവിക്കേണ്ടിയിരിക്കുന്നു. വ്യക്തികളുടെ ഗുണം

ആസ്പദമാക്കിയാണ് മതം പ്രവൎത്തിക്കുന്നത്; ശാസ്ത്രം സമുദായത്തിന്റെ ഗുണത്തേയാണ് ലക്ഷ്യമാക്കുന്നത്. സത്യാന്വേഷണത്തിൽ—ജ്ഞാനസമ്പാദനയാത്രയിൽ—സംഘത്തെ ഉദ്ദേശിച്ചുള്ള ചേഷ്ടകൾക്കു മാഹാത്മ്യം കൂട്ടുമെന്നു പറഞ്ഞുവരുന്നു. അതുകൊണ്ട് ശാസ്ത്രരീതി മതരീതിയേക്കാൾ ഉൽകൃഷ്ടമായതാണെന്നു പറയാം.

സംഗതികൾ ഇപ്രകാരമെല്ലാമാണെങ്കിലും—മതവും ശാസ്ത്രവും തമ്മിൽ വളരെ അന്തരമുണ്ടെങ്കിലും—ഈ അന്തരം വളരെ സാരവത്തായ ഒന്നാണെന്നു പറയാൻ തരമില്ല. രണ്ടറ്റത്തുനിന്നും അങ്ങുമിങ്ങും വലിക്കുന്ന ഈ ശക്തികൾ തമ്മിലുള്ള ദൂരം—അന്തരം—ദിനംപ്രതി കുറഞ്ഞുതന്നെയാണു വരുന്നത്. മതവും ശാസ്ത്രവും തമ്മിലുള്ള അന്തരം ഇല്ലാതാകുവാൻ—കഴിയുന്നത്ര കുറയ്ക്കുവാൻ—വഴിയെന്തെന്നു നോക്കുക. ശാസ്ത്രജ്ഞന്മാരെ മതാധികാരികൾ ഉപദ്രവിച്ച സംഗതിയെടുക്കുക. ഈ ഉപദ്രവം ഉണ്ടായിട്ടില്ലെന്നു പറയുന്നതുകൊണ്ടു വലിയ പ്രയോജനമൊന്നുമില്ല. ഐഹികസുഖസമ്പാദനത്തിനുള്ള മാൎഗ്ഗങ്ങളെ ആരായുന്നതിന്ന് മതം പലപ്പോഴും ഒരു സഹായവും ഒരു ഉപകരണവുമായി പരിണമിച്ചിട്ടുണ്ടുതാനും. ഭരണനേതാക്കന്മാരുടെ ഉദ്ദേശസാദ്ധ്യത്തിനുവേണ്ടി-തങ്ങളുടെ രാജ്യവും അധികാരവും പൂൎവ്വാധികം വിപുലമാക്കുന്നതിനുവേണ്ടി—നേതാക്കന്മാർ രാജ്യധനത്തെ വിനിയോഗിക്കാറുള്ളതുപോലെ ഐഹികസുഖലാഭത്തിന്ന് അവർ മതത്തേയും ഒരു ഉപകരണമാക്കാറുണ്ട്. ഈശ്വരഭക്തിപ്രവാഹമാണെന്ന അഭിധാനത്തിൽ വൈരം, അത്യാൎത്തി, കലഹപ്രിയത്വം മുതലായ മൂൎത്തികൾ വിള

യാട്ടുന്നില്ലേ? മതസംബന്ധങ്ങളായ യുദ്ധങ്ങളാണെന്നു പറഞ്ഞ് നടത്തിവരുന്ന യുദ്ധങ്ങളുടെയെല്ലാം ഉദ്ദേശ്യം മതസംബന്ധമായ കാര്യങ്ങളുടെ ലാഭംതന്നെയാണോ? ചൈനയെ ആക്രമിപ്പാൻ ഇന്നത്തെ ക്രൈസ്തവലോകം സന്നദ്ധമായാൽ അത് ക്രിസ്തുമതസംരക്ഷണത്തിനാണെന്നാവർ പറയുമായിരിക്കും. ജാതിസ്പർദ്ധയെ വർദ്ധിപ്പിക്കേണമെന്നു മോഹമുള്ള ഭാരതീയരും ഇന്നു "മതദ്രോഹം" എന്നു വിളിച്ചുകൊണ്ടാണ് പുറപ്പെടുന്നത്. വാസ്തവമായ മതഭക്തി ഇതാണോ? പ്രാചീനകാലങ്ങളിലെ നേതാക്കന്മാർ തങ്ങളുടെ ഉദ്ദേശസാദ്ധ്യത്തിന്നുവേണ്ടി മതത്തെ എപ്രകാരം ഉപയോഗിച്ചുവോ, അപ്രകാരംതന്നെയാണ് ഇന്നത്തെ ശാസ്ത്രജ്ഞന്മാർ ശാസ്ത്രത്തെ ഉപയോഗിക്കുന്നത്. നമ്മുടെ ഉദ്ദേശങ്ങളിലാണ് സാരമായ കാര്യമിരിക്കുന്നത്. മാനുഷവധം മുതലായ അധമകൃത്യങ്ങളെ നിർവ്വഹിപ്പാൻ ശാസ്ത്രത്തെ ഒരു ഉപകരണമാക്കിത്തീർത്തു. ആയോധനത്തിൽ വിജയം ലഭ്യമാകാൻ ഒരു ഉപകരണമാണെന്നു കാണുന്നതുകൊണ്ടാണ് ഭരണനേതാക്കന്മാർ ശാസ്ത്രത്തെ ബഹുമാനിക്കുന്നത്. ശാസ്ത്രജ്ഞൻ കണ്ടുപിടിച്ചിട്ടുള്ള അനവധി തത്വങ്ങളെക്കൊണ്ടു മനുഷ്യർക്ക് യാതൊരു ഉപകാരവുമില്ല. അടുത്തു കഴിഞ്ഞ മഹാഘോരസമരം ഈ സംഗതിയെ തെളിയിക്കുയുണ്ടായിട്ടുണ്ട്. ഇന്നത്തെ മിക്ക അപരാധങ്ങൾക്കും—സമാധാനകാലത്തെ അപരാധങ്ങൾക്കും യുദ്ധകാലത്തെ അപരാധങ്ങൾക്കും— ശാസ്ത്രമാണു കാരണം. ആകാശവിമാനത്തിൽ കയറിനിന്നു നിരപരാധികളുടെ മേൽ ബോംബെറിയുന്നതിന്നും നിരായുധരായ ജനങ്ങളെ വെടിവെച്ചുകൊല്ലുന്നതിന്നും

ശാസ്ത്രമാണ് മനുഷ്യനെ ശക്തനാക്കിത്തീർത്തത്. ഭൌതികമായ വിജയം കാരണം ആത്മീയമായ സംഗതികളെ ശാസ്ത്രം വിലമതിക്കുന്നില്ല. ശാസ്ത്രത്തെപ്പററി ജനങ്ങൾക്കുള്ള ബഹുമാനം വർദ്ധിക്കുന്നതു വളരെ ന്യായമാണെന്നു പറയാനും തരമില്ല. ശാസ്ത്രത്തിൻെറ പേരും പറഞ്ഞു് സഹജീവികളെ എത്ര മനുഷ്യരാണ് വഞ്ചിക്കുന്നത്? ഒരു സംഗതി എത്രതന്നെ നികൃഷ്ടവും ഉപദ്രവകരവുമായിരുന്നാലും അതിന്നു ശാസ്ത്രത്തിൻെറ അനുഗ്രഹം സിദ്ധമായാൽ ബഹുജനങ്ങൾ അതിനെ മാനിക്കയായി. വൈദ്യന്മാരുടെ ഇടയിൽ ഇത്തരത്തിലുള്ള അനവധി നികൃഷ്ട സംഗതികൾ പ്രചാരത്തിലിരിക്കുന്നുണ്ടു്. അദ്ധ്യാത്മിക ശാസ്ത്രത്തിലും സന്മാർഗ്ഗപ്രതിപാദകശാസ്ത്രത്തിലും കൂടി ശാസ്ത്രത്തിൻെറ പേരുംപറഞ്ഞു് അനവധി നികൃഷ്ടതത്വങ്ങൾ കടന്നുകൂടീട്ടുണ്ടു്. ദർശനങ്ങളും അശരീരിവാക്കുകളും നികൃഷ്ടങ്ങളെന്നു പറഞ്ഞു തള്ളുന്നവർതന്നെ കുരങ്ങുഗ്രന്ഥികളെപ്പററി (Monkey glands) അത്യധികമായ ബഹുമാനം പ്രദർശിപ്പിക്കുന്നു. (മംകി ഗ്ലാൻസ് ഉപയോഗിച്ചാൽ വയസ്സന്മാർ ചെറുപ്പക്കാരാകുമെന്ന പ്രസ്താവത്തേയാണ് ഇവിടെ സൂചിപ്പിച്ചിരിക്കുന്നതു്.) നികൃഷ്ട കാര്യസാദ്ധ്യത്തിന്നു ശാസ്ത്രവും മതവും ഒരുപോലെ ഉപയോഗപ്പെട്ടിട്ടുണ്ടു്. അതുകൊണ്ടു് അവ നികൃഷ്ടങ്ങളാണെന്നു പറയാൻ തരമില്ല; അപ്രകാരംതന്നെ അവയുടെ ഉൽകൃഷ്ടതക്കും ഈ സംഗതി ഒരു തെളിവല്ല. ശാസ്ത്രതത്വങ്ങൾക്കു വിരുദ്ധമാണെന്നു കരുതിവന്നിരുന്ന അനവധി തത്വങ്ങളെ ഇന്നു ശാസ്ത്രം സ്വീകരിക്കുന്നു. അപസ്മാരത്തെ ശാസ്ത്രം സ്വീകരിച്ചിട്ടുണ്ടു്. ശാസ്ത്രരീതി

വളരെ നല്ലതായ ഒന്നുതന്നെ; എന്നാൽ എല്ലാം ശാസ്ത്രജ്ഞന്മാരും ഈ രീതി സ്വീകരിച്ചിട്ടുള്ളവരല്ല. മതാധികാരികളെപ്പോലെ യാഥാസ്ഥിതികരും ദുർവ്വാശിക്കാരും ശാസ്ത്രജ്ഞന്മാരിലുമുണ്ട്. ശാസ്ത്രതത്വമെന്നു തങ്ങൾ ധരിച്ചുവന്നിട്ടുള്ളതിന്നു വിപരീതമാണെന്നു കണ്ടതുകൊണ്ടാണ് ജഗദീശചന്ദ്രബോസിൻെറ സസ്യജീവിതതത്വങ്ങളെ സ്വീകരിപ്പാൻ ശാസ്ത്രജ്ഞന്മാർ വൈമനസ്യം പ്രദർശിപ്പിച്ചതു്. പൊതുജനങ്ങൾക്ക് മതതത്വങ്ങളിലും ശാസ്ത്രതത്വങ്ങളിലും വിശ്വാസം ഒന്നുപോലെയാണ്. അധികാരപ്രമത്തതയല്ല ശരിയായ മതാചാരം; സത്യാന്വേഷണതല്പരതയും, ലോകരഹസ്യങ്ങളെ കണ്ടറിയാനുള്ള ജാഗ്രൂകതയുമാണ് ശരിയായ മതഭാവം.

മതവിശ്വാസത്തിന്നു ഹാനികരമായ ശാസ്ത്രതത്വങ്ങൾ ഏതെന്നത്രെ നാമിന്നന്വേഷിക്കേണ്ടതു്. സൃഷ്ടിയെപ്പററി മതം ചെയ്യുന്ന വിവരണത്തിന്ന് തീരെ വിരുദ്ധങ്ങളായ അഭിപ്രായങ്ങളാണ് പരിണാമം പുറപ്പെടുവിക്കുന്നതെന്നു പറഞ്ഞുവരുന്നു. മൃഗവും മനുഷ്യനും തമ്മിലുള്ള അന്തരം ചാടിക്കടക്കാൻ ഉത്തമാവശേഷധർമ്മമെന്ന തത്വം പര്യാപ്തമാണോ എന്ന സംഗതി ഇന്നും തീരുമാനിക്കപ്പെട്ടിട്ടില്ല. അപ്രകാരംതന്നെ, മനുഷ്യർക്ക് തലച്ചോറും ആത്മാവും സിദ്ധമായതെങ്ങിനെയെന്നും പരിണാമം തെളിയിക്കുന്നില്ല. ശാസ്ത്രജ്ഞന്മാർക്ക് ഭൗതികലോകതത്വാന്വേഷണത്തിലുണ്ടായിരുന്ന താല്പര്യം കുറഞ്ഞുതന്നെവരുന്നു. ശാസ്ത്രപ്രവീണന്മാർ ആ ഉദ്യമത്തിൽനിന്നും പിൻതിരിയുന്നപോലെ തോന്നുന്നു. ശാസ്ത്രവും നവീനലോകവും എന്ന അഭിധാനത്തിൽ ഡോക്ടർ

വൈററ് ഹെഡ് എഴുതീട്ടുള്ള പുസ്തകംതന്നെ ഇതിന്നൊരു ഉദാഹരണമാണ്. ഈതർ (Ether) എന്ന വസ്തു കണ്ടു പിടിച്ചതിലോ, ശാസ്ത്രദശ്നങ്ങളിലൊ ആത്മീയമായി യാതൊന്നും ഇല്ലെന്നുതന്നെയിരിക്കട്ടെ. ഈ രണ്ടു സംഗതികളും—ഈതർ ഉണ്ടെന്ന വസ്തുതയും ദശ്നം സാദ്ധ്യമാണെന്ന സംഗതിയും—വാസ്തവമാണെന്നു തെളിഞ്ഞാൽ തന്നെ നാം ഇന്നു കാണുന്ന ഭൌതികപ്രപഞ്ചത്തിന്നും ഉപരിയായി ഒരു വസ്തുവുണ്ടെന്ന് സിദ്ധമാകുമല്ലോ. "ഭൌതിക"ത്തെപ്പററി നൂതനമായുണ്ടാകുന്ന ജ്ഞാനവും, 'റിലേററിവിററി" എന്ന തത്വവും ശാസ്ത്രരീതിയിൽതന്നെ ഭൌതികസിദ്ധാന്തങ്ങളെ ഉടയ്ക്കുന്നതിന്നു പര്യാപ്തമാകുന്നു ശക്തിയുടെ ഒരു രൂപഭേദമായാണ് ഇന്നു ഭൌതികത്തെ കരുതിവരുന്നത്. ഈൻസ്റ്റീൻ കണ്ടുപിടിച്ച "റിലേററിവിററി" എന്ന തത്വമാണ് ഭൌതികത്തെപ്പററി ഇന്നുള്ള ജ്ഞാനത്തിൻെറ ജനയിതാവ്. സ്ഥലകാലഭേദത്തെ അതു ഉന്മൂലനം ചെയ്യുന്നു. എന്നുമാത്രമോ? ഭൌതികം ഒരു 'വസ്തു'വല്ല; അതു ശക്തിയുടെ ഒരു രൂപാന്തരം മാത്രമാണെന്നു ഈ തത്വം പ്രതിപാദിക്കുന്നു. മാനസികമായുണ്ടാകുന്ന വികാരങ്ങളഖിലവും ഭൌതികചേഷ്ടകളാണെന്നുള്ള ബോധം ശാസ്ത്രജ്ഞന്മാക്ക ഇല്ലാതായിരിക്കുന്നു. ശാസ്ത്രത്തിന്നു വത്തമാനകാലത്തിലും ഭാവിയിലും സിദ്ധമായേക്കാവുന്ന വികാസത്തിന്നുള്ള ഹേതുക്കളിൽ പ്രധാനമായ ഒന്നായാണു മനുഷ്യമനസ്സിൻെറ രഹസ്യത്തെ ഇന്നു ശാസ്ത്രജ്ഞന്മാർ ഗണിച്ചുവരുന്നത്. ബയൊ കെമിസ്ത്രി (ജീവരസതന്ത്രം), സൈക്കോബയോലോജി (മാനസികജീവശാസ്ത്രം), ബയോസോഷിയോലോജി (ജീവസാമുദായിക

ശാസ്ത്രം) എന്നിവ മിശ്രശാസ്ത്രങ്ങളാണ്. അങ്ങുമിങ്ങും ചിന്നഭിന്നമായിക്കിടക്കുന്ന ശാസ്ത്രജ്ഞാനശകലങ്ങൾ തമ്മിലുള്ള ബന്ധം എന്തെന്നു കാണിപ്പാനും; മനസ്സും ശരീരവും തമ്മിലുള്ള ബന്ധമെന്തെന്നു വെളിപ്പെടുത്തുവാനും ഈ ശാസ്ത്രങ്ങൾ ഉപകരിക്കുന്നു.

മതത്തെപ്പററിയുള്ള നമ്മുടെ അന്വേഷണംകൊണ്ടു മതവാസന ശാസ്ത്രവാസനയേക്കാൾ എത്രയോ അധികം പ്രാചീനമായതാണെന്നും, അതു മനുഷ്യൻെറ വാസനകളിൽ ഏററവും പ്രധാനവും അഗാധവുമായ ഒന്നാണെന്നും തെളിഞ്ഞിരിക്കുന്നു. ഇത്രവളരെകാലം അതു നിലനിന്നിട്ടുണ്ടെന്ന വസ്തുതയും അതു സർവ്വത്ര വ്യാപിച്ചിരിക്കുന്നുവെന്ന സംഗതിയും അതിൻെറ ആവശ്യകതയെ സൂചിപ്പിക്കുന്നു. മനുഷ്യൻെറ പ്രധാനമായ സ്വത്തുക്കളിൽ ഒന്നാണ് അതെന്നു തീർച്ചതന്നെ. മനുഷ്യചേഷ്ടകളുടെ നിയന്ത്രണത്തിന്നു മതം എത്രമാത്രം ഉപകരിക്കുന്നുണ്ടെന്നും, മതത്തിൻെറ വാസ്തവമായ രൂപമെന്തെന്നും അറിയുന്നതിന്നു ഇത്തരത്തിലുള്ള അന്വേഷണങ്ങൾ സഹായിക്കുന്നു. ജന്മസ്ഥലം, തത്വങ്ങൾ എന്നിവയെ അടിസ്ഥാനമാക്കിയല്ല മതത്തെപ്പററി വിധി കല്പിക്കേണ്ടതു്; അതിൻെറ ഫലങ്ങളിലും വ്യാപാരങ്ങളിലുമാണ് നമ്മുടെ കണ്ണെത്തേണ്ടതു്. മതത്തെപ്പററി ശാസ്ത്രരീത്യാ അന്വേഷണം നടത്തുന്നതുകൊണ്ടു ആത്മീയമായ പര്യവേക്ഷണം എന്ന നിലയിൽ മതത്തിനുള്ള ശാശ്വതപ്രയോജനവും, മതമെന്നഭിധാനത്തിൽ ഇന്നു നടന്നുവരുന്ന വിശ്വാസങ്ങളെക്കൊണ്ടുള്ള പ്രയോജനവും തമ്മിലുള്ള അന്തരം വ്യക്തമാകുന്നതാണ്. ആത്മീയസംഗതികളും

സന്മാൎഗ്ഗികസംഗതികളും തമ്മിലുള്ള ബന്ധമെന്തെന്ന ന്വേഷിച്ച് ശാസ്ത്രം ഒടുവിൽ ഈ രണ്ടു മാൎഗ്ഗങ്ങളുടേയും ജന്മസ്ഥാനമായ സ്നേഹത്തിലെത്തുമെന്നു തീൎച്ചതന്നെ.

വ്യക്തിപരമായ ഗുണത്തേയാണു മതം കാംക്ഷിക്കു ന്നതെന്നും, സാമുദായികപരമായ ഗുണത്തേയാണു ശാസ്ത്രം കാംക്ഷിക്കുന്നതെന്നും നമുക്കു തോന്നുന്നതു നമ്മുടെ വീക്ഷ ണസ്ഥാനവ്യത്യാസംകൊണ്ടത്രെ. വസ്തുസ്ഥിതിഗ്രഹണ ത്തിന്നായി നാം ചെയ്യുന്ന പരിശ്രമത്തിൽ നാം കൈക്കൊ ള്ളുന്ന രണ്ടു രീതികളാണ് ആത്മീയത്വവും ഭൌതിക ത്വവും. ഈ രണ്ടു രീതികളും ഏതാണ്ടൊന്നുതന്നെയാ ണുതാനും. സത്യത്തെ മതം അന്വേഷിക്കുന്നതു വ്യക്തി യുടെ ഗുണത്തിനാണ്; സത്യത്തെ ശാസ്ത്രം അന്വേഷിക്കു ന്നതു സാൎവ്വത്രികമായ ഗുണത്തിനാണ്. ആത്മജ്ഞാനം കൊണ്ടും സ്വാനുഭവംകൊണ്ടും മതം സത്യാന്വേഷണം ചെയ്യുന്നുവെങ്കിൽ, ശാസ്ത്രം സത്യാന്വേഷണംചെയ്യുന്നതു പരീക്ഷണങ്ങളെക്കൊണ്ടും അവലോകനങ്ങളെക്കൊണ്ടു മാകുന്നു. ആലോചനപദ്ധതിയുടെ സന്താനമാണു ശാസ്ത്ര മെങ്കിൽ, മതം വികാരപദ്ധതിയുടെ സന്താനമത്രെ. ഹിന്ദു മതത്തിൻെറ ചില രൂപങ്ങളിൽ ഈ വ്യത്യാസംതന്നേയും ഇല്ലെന്നു പറയാം. വ്യക്തിപരമായ ആത്മാവ്—ജീവാ ത്മാവ്—പരമാത്മാവിൻെറ ഒരംശംമാത്രമാണെന്നു ഹിന്ദു മതം പ്രതിപാദിക്കുന്നു.

ശാസ്ത്രത്തിന്നു അനവധി വിജയങ്ങൾ സിദ്ധമായിട്ടു ണ്ടെന്നു സംവദിക്കാം. എങ്കിലും ജീവൻെറ ഉല്പാദനം എങ്ങിനെ സംഭവിച്ചുവെന്നു ശാസ്ത്രം പറയുന്നില്ല. എന്നു

മാത്രമല്ല, മതം പ്രതിപാദിക്കുന്ന ആത്മീയതത്വങ്ങളെ പ്പററി ശാസ്ത്രത്തിന്നു വളരെ കുറച്ചു ജ്ഞാനം മാത്രമേ ഇന്നേവരെ ലഭ്യമായിട്ടുള്ളു. ഏററവും ഉൽകൃഷ്ടങ്ങളായ തത്വങ്ങൾ വാചാമഗോചരങ്ങളാണെന്നാണ് ഗീഥെ എന്ന മഹാൻ പറയുന്നത്. ശാസ്ത്രത്തിന്ന് അവയെ യഥാവിധി ഗ്രഹിക്കുന്നതിന്നോ അളക്കുന്നതിന്നോ സാദ്ധ്യ മല്ല. ശാസ്ത്രരീതിയിലുള്ള അളവു ചില ദിക്കിൽ മാത്രമേ സാദ്ധ്യമാകയുള്ളുവെന്നാണ് ന്യൂട്ടൻ മുതലായ ശാസ്ത്രവര്യ ന്മാരുടെ പക്ഷം. ശാസ്ത്രരീതികൾക്കുള്ള ന്യൂനതകളെ സംവദിപ്പാൻ ഏതു ശാസ്ത്രജ്ഞനും ഒരുക്കമായിരിക്കേണ്ട താണ്. ശാസ്ത്രതത്വങ്ങളും ശാസ്ത്രജ്ഞാനവും സവ്വവും തികഞ്ഞവയാണെന്നു ശാസ്ത്രജ്ഞൻ ഒരിക്കലും അഭിമാ നിക്കാൻ പാട്ടുള്ളതല്ല. നാം പരീക്ഷണംചെയ്തറിയുന്ന നിയമങ്ങളാണ് ശാസ്ത്രത്തിൻെറ അസ്തിവാരം. ശാസ്ത്രത ത്വങ്ങളിൽനിന്നും ന്യൂനാധിക്യങ്ങൾ വരാവുന്നതുമാണ്. പരിപൂൎണ്ണമായ ജ്ഞാനം പ്രദാനംചെയ്വാൻ ശാസ്ത്രത്തിന്നു ശക്തിയില്ല. ഭൂലോകത്തെ പരിപൂൎണ്ണമായി വൎണ്ണിപ്പാൻ തന്നെ അതിന്നു സാദ്ധ്യമല്ല. ബ്രഹ്മാണ്ഡവിവരണം ശാസ്ത്രത്തിന്നു സാദ്ധ്യമല്ലെന്നു സിദ്ധംതന്നെ. മൂലത ത്വത്തെ ശാസ്ത്രം കണ്ടെത്തുന്നതല്ല. നവംനവമായി സിദ്ധമാകുന്ന ജ്ഞാനംമൂലം ശാസ്ത്രജ്ഞൻെറ പ്രാസാദ ത്തിൻെറ അസ്തിവാരം എന്നും ഇളക്കി പണിചെയ്യേണ്ട തായി വരും. ശാസ്ത്രജ്ഞൻെറ അനുമാനങ്ങളെ ശാശ്വ തങ്ങളായി പരിഗണിപ്പാൻ തരമില്ല. ന്യൂട്ടൻ പ്രതിപാ ദിച്ച തത്വങ്ങളെ ഇന്നു ഐൻസ്റ്റിൻ ഇളക്കിയതായിക്കാ ണുന്നു. തൻെറ വിജയങ്ങളേയും ശക്തികളേയും പററി

അഹംഭാവം നടിപ്പാൻ ശാസ്ത്രജ്ഞനു അവകാശമില്ല. ഇതരജ്ഞാനസമ്പാദനമാർഗ്ഗങ്ങളെ നിന്ദിപ്പാനും ശാസ്ത്രജ്ഞനു ന്യായമില്ല. പഴയ ഭൌതികവാദവും യുക്തിവാദവും രംഗത്തുനിന്നും മാറിനില്ക്കുന്നു; ആ സ്ഥാനത്ത് ഇപ്പോൾ "എന്തുതന്നെ സംഭവിച്ചുകൂടാ" എന്നൊരു ബോധമാണു കയറിനില്ക്കുന്നത്. ഈ ബോധത്തിന്റെ പരിമാണം ഇത്രയെന്നു വ്യക്തമല്ല. ശാസ്ത്രപര്യവേക്ഷണം നടത്തുന്ന കരാൾക്കു ഈ ബോധം എത്രയും ഉപകാരമായ ഒരു ഗുണമാണെന്നാണ് ശാസ്ത്രതത്വപ്രതിപാദകപ്രവീണനായ മിസ്റ്റർ ജെ. ഡബ്ളിയു. എൻ. സലിവാൻ എന്ന മഹാൻ അഭിപ്രായപ്പെടുന്നത്. "ചെറിയ ബില്ലിയേർഡ് പന്ത്; സമചതുരാകൃതിയിലുള്ള സാധനങ്ങളുടെ വ്യാപാരത്തെ നിയന്ത്രിക്കുന്ന നിയമങ്ങൾ എന്നിവയെ അടിസ്ഥാനമാക്കിയാണ് ശാസ്ത്രജ്ഞൻ ഭൂലോകവിവരണം ചെയ്വാൻ ഉദ്യമിക്കുന്നത്. ഇത്തരത്തിലുള്ള ഒരു ലോകത്തിൽ കവികൾക്കും തത്വജ്ഞാനികൾക്കും പുറമെ ദർശനവാദികൾക്കുംകൂടി സ്ഥാനമുണ്ട് എന്നു ഇന്നു ശാസ്ത്രം സംവദിക്കുന്നു" എന്നത്രെ മി: സലിവാൻ പറയുന്നത്. "യുക്ത്യനുഭവവാദത്തിന്റെ അസ്ഥിവാരം തകന്നുപോയിരിക്കുന്നു. ഈ വാദമാണ് ദർശനവാദികളേയും ശാസ്ത്രജ്ഞരേയും വൈരികളാക്കിയിരുന്നത്. ഇതരസംഗതികളിൽ വൈരമുണ്ടായിരുന്നില്ല. തനിക്കു സുഗ്രഹമല്ലാത്ത യാതൊരു രഹസ്യവും ഈ ലോകത്തിൽ ഇല്ലെന്നു വാദിക്കുന്ന ശാസ്ത്രജ്ഞൻ ഇന്നത്തെ ശാസ്ത്രബോധമല്ല പ്രതിപാദിക്കുന്നത്. എന്നുമാത്രമല്ല, അയാൾ ഇങ്ങിനെ വാദിക്കുന്നതായാൽ, ഇന്നത്തെ ശാസ്ത്രബോധം ഇന്ന

തെന്നു അയാൾക്കു വേഗം അറിവില്ലാതാകുന്നതുമാണ് എന്നാത്രെ മി: സലിവാൻെറ അഭിപ്രായം. ഏതാണ്ട് ഇത്തരത്തിലുള്ള അഭിപ്രായംതന്നെയാണു ഡോക്ടർ ഹാവ്ലക്ക് എല്ലിസ് എന്ന ദൎശനവാദിയും പുറപ്പെടുവിക്കുന്നതു്. നമ്മുടെ അധിവാസപ്രദേശമായ ലോകവുമായി ഒരു മാനസികബന്ധവ്യവസ്ഥയാണു ശാസ്ത്രമെന്നും, ഇതുകൊണ്ടു ലോകത്തെ ഏറക്കുറെ നിയന്ത്രിപ്പാൻ നമുക്കു സാധിക്കുന്നുവെന്നും ലോകത്തെയാസകലം ഒന്നായെടുത്താൽ അതുമായി വികാരപരമായ ഒരു ബന്ധമാണു ദൎശനവാദമെന്നുമാണ് അദ്ദേഹം അഭിപ്രായപ്പെടുന്നതു്. ശാസ്ത്രവും മതവും ഭിന്നാഭിപ്രായം പുറപ്പെടുവിക്കുന്ന സ്ഥലത്തു് അവ രണ്ടും ശരിയായ സ്ഥാനമല്ല സ്വീകരിക്കുന്നതെന്നും അദ്ദേഹം പറയുന്നു.

തത്വജ്ഞാനികളുടെ ചിന്താപദ്ധതിയോടോ, യഥാൎത്ഥമായ ആത്മീയഭാവത്തോടോ ശാസ്ത്രം വിരുദ്ധമല്ല. മതത്തിൻെറ അധികാരത്തെ സമ്മതിച്ചു് ശാസ്ത്രം നമിക്കേണമെന്നോ, ശാസ്ത്രീയമായ ഒരു മതം സ്ഥാപിക്കേണമെന്നോ പറയേണ്ടുന്ന ആവശ്യം കാണുന്നില്ല. അമ്പലം, പള്ളി മുതലായ ദേവാരാധനാസ്ഥലങ്ങളേയും ശാസ്ത്രജ്ഞൻെറ പര്യവേക്ഷണശാലകളേയും കൂട്ടിയിണക്കുന്നതിനുള്ള ഒരു പദ്ധതി—ആത്മീയജ്ഞാനസമ്പാദനത്തിലുള്ള തല്പരതയേയും ശാസ്ത്രജ്ഞാനസമ്പാദനജാഗരൂകതയേയും ബന്ധുക്കളാക്കുന്ന ഒരു പദ്ധതി—യാണ് ഇവിടെ ആവശ്യമായിട്ടുള്ളതു്. ശാസ്ത്രരീത്യായുള്ള അക്ഷീണസത്യാന്വേഷണമായാലും, ഒരുവൻെറ ആത്മാവിലുള്ള നിശ്ശബ്ദതയിൽ ഒരുവൻ ചെയ്യുന്ന ഭക്തിപരമായ സത്യാന്വേഷണ

മായാലും, സത്യാന്വേഷണത്തിന്നു ആത്മീയമായ ഒരു വിലയുണ്ട്. ശാസ്ത്രത്തിന്നു മതത്തേയും മതത്തിന്നു ശാസ്ത്രത്തേയും അന്യോന്യം പരിശുദ്ധമാക്കാം; അജ്ഞാതമായികിടക്കുന്നതിനെപ്പററിയുള്ള അത്യഗാധമായ ഭയത്തെ മതത്തിൻെറ അസ്തിവാരമെന്ന നിലയിൽ ശാസ്ത്രത്തിന്നു നശിപ്പിക്കാം; അന്ധവിശ്വാസം, അസഹിഷ്ണുത, പരോപദ്രവം മുതലായവയ്ക്കു ശാസ്ത്രത്തിന്നു ഉന്മൂലനാശം വരുത്താം. പ്രത്യുത, വിനീതഭാവം; ലോകരഹസ്യങ്ങളെപ്പററിയുള്ള ഭക്തി; ജീവിതത്തിൽ ആത്മീയകാര്യങ്ങൾക്കുള്ള പ്രാധാന്യം; കേവലം ഭൌതികമായതിനേക്കാൾ ഉൽകൃഷ്ടതരമാണ് ആത്മീയകാര്യങ്ങളെന്നുള്ള ബോധം എന്നിവ ശാസ്ത്രത്തിന്നുണ്ടാക്കാൻ മതത്തിന്നു സാധിക്കും. ശാസ്ത്രവിജയങ്ങൾക്കു സന്മാർഗ്ഗികമായ — ആത്മീയമായ — ഒരു പ്രാധാന്യം നല്കുവാനും ശാസ്ത്രത്തെ മനുഷ്യൻെറ സുഖദായിനിയായ ഒരു ഉപകരണമാക്കുന്നതിന്നും മതത്തിന്നു സാദ്ധ്യമത്രെ. ഇതു ഇന്നാണ് ഏററവുമധികം ആവശ്യമായിട്ടുള്ളതു്. "ആധുനികലോകത്തെ സംരക്ഷിക്കുകയും നശിപ്പിക്കുകയും ചെയ്യുന്നതു് — ആധുനികലോകത്തിലെ അല്പ്പാരുളാസ്ഥാനം സ്വീകരിച്ചിട്ടുള്ളതു് — ശാസ്ത്രമാണ്" എന്നാത്രെ വില്യം ആർച്ചർ പറയുന്നതു്. ശാസ്ത്രത്തിന്നു സൃഷ്ടിപ്പാനും സംഹരിപ്പാനും സാദ്ധ്യമത്രെ. ശാസ്ത്രം മനുഷ്യന്നു് ഭയത്തെ ഉളവാക്കുന്നുവെങ്കിൽ ശാസ്ത്രം അവന്നു അഭയം നല്കുന്നു. ശാസ്ത്രം ഏതു വേഷമാണ് കെട്ടേണ്ടതു് എന്ന കാര്യം ശാസ്ത്രശക്തികളെ നിർമ്മിക്കുന്നവരുടേയും അവയെ പ്രയോഗിക്കുന്നവരുടേയും ചിത്തവൃത്തിയെ ആശ്രയിച്ചിരിക്കും. മനുഷ്യൻെറ കായികശക്തി സന്മാർഗ്ഗികശക്തിയെ,

ആത്മീയശക്തിയെ ഭരിക്കുന്നു. മനുഷ്യവർഗ്ഗം ഇന്നത്തേക്കാളധികം ബുദ്ധിയും നന്മയും ഉള്ളതായി ഭവിക്കുന്നില്ലെങ്കിൽ അതു നശിച്ചേക്കാവുന്നതാണ്. യഥാർത്ഥമായ ഒരു മതബോധത്തിൽനിന്നല്ലാതെ മറെറവിടെനിന്നു ഈ നന്മയും ബുദ്ധിയും വരും? ലോകരക്ഷ ചെയ്യുവാൻ ശാസ്ത്രത്തിന്നു മാത്രമേ സാധിക്കയുള്ളുവെന്നു ശാസ്ത്രം അഹങ്കരിക്കുന്നു. ഇതു വാസ്തവമായേക്കാം. സാമുദായികമായ അനവധി ദുരാചാരങ്ങളെ നശിപ്പിക്കുന്നതിന്നും, ഭൌതികങ്ങളായ അനവധി തിന്മകളെ നീക്കംചെയ്യുന്നതിന്നും ശാസ്ത്രസഹായം ആവശ്യംതന്നെ. എന്നാൽ ഈ സംരക്ഷകനെത്തന്നെ സംരക്ഷിയ്ക്കേണ്ടതായി വന്നിരിക്കുന്നു. മനുഷ്യരെ വെറും യന്ത്രങ്ങളായി നാം കരുതുന്നില്ലെങ്കിൽ, മനുഷ്യരുടെ ഉൽകൃഷ്ടങ്ങളായ ഉദ്ദേശങ്ങളെ സാധിക്കുന്നതിന്ന് ശാസ്ത്രം ഒരു ഉപകരണമാകേണമെങ്കിൽ, ശാസ്ത്രത്തെ നാം ശുദ്ധിചെയ്യണം.

പാശ്ചാത്യരും പൌരസ്ത്യരും യോജിപ്പാൻ ഇതാ ഒരു സന്ദർഭം വന്നുചേർന്നിരിക്കുന്നു. ശാസ്ത്രവും മതവും ബന്ധുക്കളായാൽ പൌരസ്ത്യരുടെ ആത്മീയാദർശങ്ങളും പാശ്ചാത്യരുടെ സകല ഐഹികശക്തികളും വിജയങ്ങളും തമ്മിൽ യോജിക്കും. സകല ജീവജാലങ്ങളും അന്യോന്യം ബന്ധമുള്ളവയാണ്; സകല ജീവികളും ഏകബ്രഹ്മത്തിൽ ലയിക്കുന്നവയാണ് എന്നു ഹൈന്ദവപുരാതനന്മാർ പറഞ്ഞിരുന്നത് അവരുടെ ചിന്താപഥത്തിൽ മാത്രമല്ല വാസ്തവമായിരിക്കുന്നത്; അത് ഒരു ശാസ്ത്രതത്വമാണെന്നു ഇന്നത്തെ പരിഷ്കൃതശാസ്ത്രരീതിയ്ക്കനുസരിച്ചു തന്നെ ജഗദീശചന്ദ്രബോസെന്ന ഭാരതീയശാസ്ത്രജ്ഞൻ

വെളിപ്പെടുത്തിയിരിക്കുന്നു. ഇത്തരത്തിലുള്ള ഐക്യത ശാസ്ത്രത്തിൻെറ ഇതരഭാഗങ്ങളിലും വന്നുചേരേണ്ടതുണ്ട്. പൌരസ്ത്യപാശ്ചാത്യവിവാഹംകൊണ്ടു മതവും ശാസ്ത്രവും തമ്മിൽ ചേരുന്നതത്രെ. ശാസ്ത്രജ്ഞാനംകൊണ്ടു സിദ്ധമായ ശക്തികളെ ആത്മീയകാര്യങ്ങൾക്കും മതസിദ്ധാന്തങ്ങളെ ശാസ്ത്രപര്യവേക്ഷണങ്ങൾക്കും ഉപകരണമാക്കാം. ഇത്തരത്തിലുള്ള ബന്ധം ഇന്നേവരെ ലബ്ധമായിട്ടില്ല; ലഭ്യമാകാൻ എളുപ്പമല്ലതാനും. എന്നാൽ ഇതു തീരെ അസാദ്ധ്യമല്ല; പ്രയത്നത്തിന്നു കാഠിന്യം കൂടുന്തോറും അതിൻെറ ഫലത്തിന്നു വൈശിഷ്ട്യമധികമായിരിക്കും. ആധുനികപരിഷ്ക്കാരത്തിൻെറ ഏററവും പ്രധാനമായ ഒരു കൃത്യം ഇതത്രെ; അതിൻെറ ഭാവി സുസ്ഥിരവും പ്രശോഭമാനവും ആകാനുള്ള ഏററവും ഉത്തമമായ മാൎഗ്ഗവും ഇതത്രെ.

---

അദ്ധ്യായം അഞ്ചു്.

## ശാസ്ത്രവും മതവും

ഇന്നത്തെ വൎത്തമാനം അറിയുന്നതിന്നു ഇരുപതാം നൂററാണ്ടുകാരായ നമുക്കുള്ള ആഗ്രഹം അളവററതാകുന്നു. നമുക്കു ലഭ്യമാകുന്ന ജ്ഞാനം ശരിയോ, തെററോ എന്നന്വേഷിക്കാനല്ല, അതു ഏററവും വൈകിയതാണോ—കഴിഞ്ഞ മിനിററിലുണ്ടായതാണോ—എന്നന്വേഷിപ്പാനാണു് നമുക്കു അധികം ശ്രദ്ധയുള്ളതു്. ഇന്നു പുറപ്പെട്ട വൎത്തമാനം ഇന്നലെ പുറപ്പെട്ടതിനേക്കാൾ ശരിയായിരിക്കേണമെന്നാണു് നമ്മുടെ ബോധം. ഇന്നത്തെ വൎത്ത

മാനമറിഞ്ഞിട്ടില്ലെങ്കിൽ നമുക്കുള്ള പോരായ്മക്കു കൈയ്യും കണക്കുമില്ല. ഈ അഭിപ്രായം പണ്ഡിതന്മാരുടെ ഇടയിൽ മാത്രമല്ല, പാമരന്മാരുടെ ഇടയിൽക്കൂടി പ്രചരിച്ചിരിക്കുന്നു. അതുകൊണ്ട് അന്നന്നു ശാസ്ത്രം പുറപ്പെടുവിക്കുന്ന സംഗതികളറിവാൻ നാമേവരും അത്യധികം ഉത്സാഹിക്കുന്നു. പരിണാമത്തെപ്പററി അധികമധികം സംഗതികളറിയുന്നതിന്നു് എവരും വളരെ ആഗ്രഹമുള്ളവരാണു്; എന്നാൽ, പരിണാമതത്വത്തിൽ നാസ്തികത്വമുണ്ടോ എന്നൊരു ഭയംകൂടി ജനങ്ങളുടെ ഇടയിൽ സ്ഥലംപിടിച്ചിരിക്കുന്നു. വൈദികന്മാരുടെ നിയമങ്ങളെ ലംഘിയ്ക്കുവാൻ നമ്മുടെ സ്നേഹിതന്മാക്കു വലിയ ഭയമൊന്നുമില്ല; എന്നാൽ നാസ്തികന്മാരാണെന്നു വല്ലവരും അവരെ ആക്ഷേപിച്ചാലോ എന്നു അവക്കുള്ള ഭയം കുറച്ചൊന്നുമല്ലതാനും. ഈ ഭയം എത്രയും വിലപിടിച്ച ഒരു സ്വത്താണെന്നാണു നമ്മുടെ ബോധം.

മതവിശ്വാസികളായ ജനങ്ങൾക്കു ശാസ്ത്രം ചിലപ്പോൾ പുറപ്പെടുവിക്കുന്ന സംഗതികൾ അത്യധികമായ ഭയത്തിന്നു കാരണമായിത്തീരുന്നു. ജന്മപ്രഭൃതി വിശ്വസിച്ചുപോന്ന സംഗതികൾക്കു വിരുദ്ധമായ പ്രസ്താവനകൾ ശ്രവിക്കുമ്പോഴുണ്ടാകുന്ന വ്യഥ നിസ്സാരമല്ല. ഏതാണു് ശരിയായിട്ടുള്ളതെന്നറിവാൻ വളരെ പ്രയാസമായിരിക്കുന്നു. മതവിധിയാണു് ശരിയായിട്ടുള്ളതെന്നു ഒരിക്കൽ തോന്നും; അതല്ല, ശാസ്ത്രവിധിയാണു് ശരിയായിട്ടുള്ളതെന്നാണു മറെറാരു സമയത്തു തോന്നുന്നതു്. മാനസികരംഗത്തിലുണ്ടാകുന്ന ആഹവം ഭയങ്കരംതന്നെ. മതവിശ്വാസികളിൽ ചിലക്കു ശാസ്ത്രതത്വങ്ങളെല്ലാം അബദ്ധ

മാണെന്നാണു ബോധം. തങ്ങളുടെ ശ്രദ്ധയെ ആകൎഷി ക്കത്തക്ക യോഗ്യത ശാസ്ത്രത്തിനില്ലെന്നു കരുതി അവർ ശാസ്ത്രപ്രസ്താവനകളെ പ്രാപഞ്ചികം (നാസ്തികം) എന്നും മററും പറഞ്ഞു തള്ളിക്കളെയുന്നു.

മതത്തിലും ശാസ്ത്രത്തിലും വിശ്വാസമുള്ളവരാണു മറെറാരു കക്ഷിക്കാർ. തത്വത്തെ ശരിയായ ജ്ഞാനത്തെ വിശ്വസിപ്പാൻ അവർ ഒരുക്കമൊണ്. ഇന്നതാണു തത്വ മെന്നു പൂൎണ്ണമായി പ്രദൎശിപ്പിക്കുവാൻ നമുക്കു സാധിക്കു ന്നതു് നിസ്സാരസംഗതികളിൽ മാത്രമാണ്. ഗൌരവമേ റിയ വിഷയങ്ങളിൽ നമ്മേക്കാറ അറിവുള്ളവർ പറയു ന്നതു വിശ്വസിപ്പാനേ നമുക്കു തരമുള്ളു.

ഭൂഗൎഭശാസ്ത്രത്തെ സംബന്ധിച്ചിടത്തോളം അതിലെ പ്രസ്താവനകളെ സ്വീകരിക്കയാണു നല്ലതു്. ജീവശാസ്ത്ര പണ്ഡിതന്മാരുടെ അഭിപ്രായവും സ്വീകാരയോഗ്യമാണ്. ദൈവികകാൎയ്യങ്ങളിൽ ആധുനികവിദ്യാസമ്പന്നനായ ഒരു വൈദികനേയാണു നാം വിശ്വസിക്കേണ്ടതു്. എന്നാൽ, പക്ഷാന്തരമുള്ള സംഗതികളിൽ സത്യമാണെന്നു നമുക്കു ബോദ്ധ്യമുള്ളതിനെ വിശ്വസിപ്പാനുള്ള മനോദാൎഢ്യം നമുക്കുണ്ടായിരിക്കേണ്ടതാണ്. പരിണാമം നടക്കുന്നുണ്ടോ എന്ന സംഗതിയിൽ ജീവശാസ്ത്രപണ്ഡിതന്മാൎക്കും സസ്യ ശാസ്ത്രപണ്ഡിതന്മാൎക്കും യാതൊരു സംശയവുമില്ല. അതു കൊണ്ടു ശാസ്ത്രപ്രവീണന്മാരായ ഇവരോടു ചേരുകയാണു സാധാരണക്കാരായ നമുക്കു നല്ലതു്. ഇവരുടെ അഭിപ്രാ യത്തിന്നു വിരോധഭാവം നടിച്ചു നില്ക്കുന്നതു ഭംഗിയല്ല; അതിന്നു നമുക്കു ശക്തിയും പോര!

സത്യം എന്നും സത്യം തന്നെയാണ്. സത്യം എവിടെനിന്നു ലഭിച്ചാലും സത്യംതന്നെ. മതത്തിൻെറ മൂലതത്വത്തെപ്പററി യാതൊരു സംശയവുമില്ല; അതിൻെറ ഫലങ്ങൾതന്നെ അതിൻെറ മഹിമയെ വിളിച്ചുപറയുന്നതുമുണ്ട്. പരിണാമത്തിൻെറ മൂലതത്വത്തെപ്പററിയും യാതൊരു സംശയവുമില്ല. ലോകത്തിൽ ഇന്നു നടപ്പുള്ള ശാസ്ത്രങ്ങളിൽ അതുമൂലമുണ്ടായിട്ടുള്ള വൈശദ്യം ഇതിനൊരു തെളിവാണ്. അതിൻെറ തത്വങ്ങളിൽ ഇനി യാതൊരു മാററവും വരുത്താനില്ലെന്നു ഖണ്ഡിക്കവെഹിയാ; എങ്കിലും ഇന്നേവരെയുണ്ടായിട്ടുള്ള പ്രസ്താവനകളുടെ യാഥാർത്ഥ്യത്തെപ്പററി യാതൊരു സംശയത്തിന്നും വഴിയില്ല. മതവും പരിണാമവും തമ്മിൽ പലപ്പോഴും വിരുദ്ധമായാണു കാണുന്നതും. ഇത്തരത്തിലായാൽ നമുക്കു മനസ്സമാധാനമുണ്ടാകുന്നതെങ്ങിനെ? നമുക്കുള്ള കഷ്ടപ്പാടു രണ്ടിലൊരു തരത്തിലുണ്ടാകുന്നതായിരിക്കും. മതഗ്രന്ഥങ്ങളിൽ പ്രസ്താവിച്ചിരിക്കുന്ന സംഗതികൾ വായിച്ചാൽ പരിണാമവിദ്യാർത്ഥിക്കു അർത്ഥം വെളിവാകുന്നില്ലായിരിക്കും. അപ്രകാരംതന്നെ പരിണാമഗ്രന്ഥങ്ങളിൽ പ്രസ്താവിച്ചിരിക്കുന്ന സംഗതികൾ മതവിദ്യാർത്ഥിക്കും സുഗ്രാഹ്യമാകുന്നില്ല. ഇതാണ് പ്രഥമതരത്തിലുള്ള കഷ്ടപ്പാട്. രണ്ടാമത്തെ കഷ്ടപ്പാട് താഴെ പറയുന്നതാകുന്നു. ഇരു കക്ഷികളും ഒരേ പദങ്ങളായിരിക്കും ഉപയോഗിക്കുന്നതു്; എങ്കിലും ഒരു കക്ഷി വിവക്ഷിക്കുന്ന അർത്ഥമല്ല മറേറ കക്ഷി ഗ്രഹിക്കുക. ഈ കഷ്ടപ്പാടു മുൻപറഞ്ഞതിനേക്കാൾ കഠിനമായതാണ്. മതപ്രതിപാദകൻ തനിക്കു ശാസ്ത്രപ്രവീണൻെറ ഇംഗിതം മനസ്സിലായെന്നു നടിക്കുന്നു; അപ്ര

കാരംതന്നെ, ശാസ്ത്രപ്രവീണൻ തനിക്കു മതപ്രതിപാദകൻെറ വാക്കുകളുടെ അൎത്ഥം വെളിവായെന്നും നടിക്കുന്നു. വാസ്തവസ്ഥിതി അപ്രകാരമല്ലതാനും.

വേദപുസ്തകത്തിൽ (ബൈബിളിൽ) പ്രസ്താവിച്ചിരിക്കുന്ന രീതിയിൽ ദൈവത്തെപ്പററി അദ്ദേഹംതന്നെ മനുഷ്യൎക്കു നല്കിയ വിവരണത്തിൻെറ വ്യാഖ്യാനമാണു് നമ്മുടെ മതം. പ്രകൃതിദേവിയിൽ അഥവാ പ്രപഞ്ചത്തിൽ ദൈവം എങ്ങിനെ വിളയാടുന്നുവെന്നു നാം വിവരിക്കുന്നതാണു് നമ്മുടെ ശാസ്ത്രം. രണ്ടിലും ദൈവമാണു പ്രകാശകൻ; രണ്ടിലും ദൈവത്തെത്തന്നെയാണു പ്രകാശിപ്പിച്ചിട്ടുള്ളതും. രണ്ടിനേയും വ്യാഖ്യാനിച്ചിട്ടുള്ളതു മനുഷ്യരാണു്. മനുഷ്യരുടെ വ്യാഖ്യാനത്തിനു സഹജമായി ഉണ്ടായേക്കാവുന്ന ന്യൂനത രണ്ടിനുമുണ്ടുതാനും. രണ്ടു വിവരണങ്ങളും നാം യഥാവിധി ഗ്രഹിക്കുന്നതായാൽ, അവ തമ്മിൽ യാതൊരന്തരവുമില്ലെന്നു നമുക്കു ബോദ്ധ്യമാകുന്നതാണു്. പക്ഷെ, ഇതു—രണ്ടിനേയും യഥാവിധി ഗ്രഹിക്കുകയെന്നതു്—സാദ്ധ്യമാണോ എന്നാണു സംശയം. രണ്ടിലും സത്യപ്രതിപാദനമാണു ചെയ്തിട്ടുള്ളതെന്ന ബോധത്തോടുകൂടി നാം അവയെ താരതമ്യം ചെയ്താൽ നമ്മുടെ കഷ്ടപ്പാടു വളരെ കുറയുന്നതാണു് എന്ന കാൎയ്യത്തിൽ സംശയമില്ല. രണ്ടിലും വിശ്വസിക്കുക മാത്രമേ നമുക്കിപ്പോഠം ഗതിയുള്ളു. അതതുകാലത്തു് അറിയപ്പെട്ടിരുന്ന തത്വങ്ങഠം അതതുകാലത്തെ ഭാഷയിൽ പ്രതിപാദിതങ്ങളായെന്നു വിശ്വസിച്ചാൽ മതി.

വേദപുസ്തകങ്ങളിൽ പ്രസ്താവിച്ചിരിക്കുന്ന സംഗതികളെപ്പററി നമുക്കു പൂൎണ്ണജ്ഞാനം ലഭിക്കേണമെങ്കിൽ

നാം മൂന്നു പതനങ്ങളിൽക്കൂടി കടക്കേണ്ടതുണ്ട്. പുസ്തകം എഴുതിയ കാലത്തെ ജനങ്ങളുടെ ആചാരവിശ്വാസാദികളെപ്പററി നമുക്കു ജ്ഞാനമുണ്ടായിരിക്കണം. ഈ ജ്ഞാനം സമ്പാദിച്ചുകഴിഞ്ഞാൽ, പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്ന മൂലതത്വം ഏതാണെന്നു അന്വേഷിക്കണം. ഒരു പ്രത്യേകതരത്തിലുള്ള ആഭരണാദ്യലങ്കാരങ്ങളോടുകൂടി കാണിച്ചുകൊടുത്താൽ മാത്രമേ ഒരു തത്വം ഒരു ജനത്തിനു സുഗ്രാഹ്യമാകയുള്ളുവെന്നു വന്നേക്കാം. പുസ്തകം ആ മൂലതത്വത്തെ അലങ്കരിക്കുന്ന ആഭരണാദികളായിരിക്കും. മൂലതത്വം കണ്ടെത്തിയാൽ അതിന്നു് ഇന്നു ഏതു വേഷമാണു യോജിക്കുക എന്നു തീച്ച്പ്പെടുത്തലാണു് നാം മൂന്നാമതായി ചെയ്യേണ്ടുന്ന കൃത്യം. ഈ മൂന്നു കൃത്യങ്ങളും യഥോചിതം സാധിച്ചാൽ മാത്രമേ ഇന്നു നാം സ്വീകരിക്കേണ്ടുന്ന തത്വമേതെന്നു നമുക്കു ബോദ്ധ്യമാകയുള്ളൂ.

മുൻ പ്രസ്താവിച്ച സംഗതികളെ അടിസ്ഥാനമാക്കി നമുക്കു അന്വേഷണം നടത്തിനോക്കാം. ബൈബലിൽ ആദ്യമുള്ള അദ്ധ്യായങ്ങളുടെ അസ്തിവാരമായ മൂലതത്വമേതു്? ദൈവം ഒന്നാണു് —അഥവാ ഏകദൈവമേയുള്ളു. എന്നത്രെ ആദ്യത്തെ തത്വം. അന്നത്തെ ജനങ്ങൾ അനവധി ഈശ്വരന്മാരുണ്ടെന്നു വിശ്വസിച്ചിരുന്നു. അടവികൾക്കും, വാഹിനികൾക്കും, സാഗരങ്ങൾക്കും അന്നു് പ്രത്യേകം പ്രത്യേകം ദൈവമുണ്ടായിരുന്നു. ഓരോ ജനത്തിന്നും ഓരോ ദൈവമുണ്ടായിരുന്നു; ഓരോ പട്ടണത്തിന്നും ഓരോ ദൈവമുണ്ടായിരുന്നു. ഏകദൈവമേയുള്ളുവെന്ന ബോധം ഹീബ്രൂ ജനങ്ങൾക്കാണു് ആദ്യമുണ്ടാ

യത്. ഇതാണ് — ഏകദൈവമേയുള്ളുവെന്നതാണ — ഏററവും പ്രധാനമായ തത്വം. ഇതു ശാശ്വതതത്വങ്ങളിലൊന്നാണുതാനും.

ദൈവം ഈ പ്രപഞ്ചത്തെ സൃഷ്ടിച്ചു അതിനെ പരിപാലിക്കുന്നുവെന്നതാണ രണ്ടാമത്തെ തത്വം. അതിനു മുമ്പുള്ള ദേവന്മാർ ഭയങ്കരരൂപികളായിരുന്നു; അവരുടെ ജീവിതം നിന്ദാവഹവുമായിരുന്നു. സർവ്വജ്ഞനും സർവ്വവ്യാപിയുമാണ ദൈവമെന്നും, അദ്ദേഹത്തിന്നു തൻെറ സൃഷ്ടികളെ സ്നേഹമാണെന്നുമുള്ള ബോധം അന്നുമുതല്ക്കാണ പ്രചരിച്ചുതുടങ്ങിയത്. "ദൈവത്തിന്നു മനുഷ്യരെ ഇഷ്ടമുണ്ട്" എന്നു പറയുന്നതു് ദൈവത്തിങ്കൽ മനുഷ്യത്വം ആരോപിക്കയാണ് എന്നു ആധുനികകാലത്തെ അദ്ധ്യാത്മികശാസ്ത്രജ്ഞന്മാർ പറയുന്നതായിരിക്കും. എങ്കിലും അക്കാലത്ത് അങ്ങിനെ പറയുന്നതായിരുന്നു നല്ലതെന്ന കാര്യത്തിൽ സംശയമില്ല.

പ്രപഞ്ചകർത്താവായ ദൈവം മനുഷ്യർ സന്മാർഗ്ഗികളായിരിക്കേണമെന്നു ആവശ്യപ്പെടുന്നുവെന്നുള്ളതാണ മൂന്നാമത്തെ തത്വം. അന്നുണ്ടായിരുന്ന മററു ജനങ്ങൾക്കു മതവും സന്മാർഗ്ഗവും തമ്മിലുള്ള ബന്ധമെന്തെന്നറിവില്ലായിരുന്നു. സന്മാർഗ്ഗനിരതന്മാരായ മനുഷ്യരെ സഹായിക്കുന്നതിന്നു ദൈവം സന്നദ്ധനായിരുന്നുവെങ്കിൽ, ദുർമ്മാർഗ്ഗികളെ സഹായിപ്പാനും അദ്ദേഹം സന്നദ്ധനായിരുന്നുവെന്നാത്രെ അവർ വിശ്വസിച്ചിരുന്നതു്. ഈ മൂന്നു മൂലതത്വങ്ങളുടെ വസ്ത്രാദ്യലങ്കാരങ്ങളാണ മററുള്ള കഥകൾ എന്നു മാത്രം നിശ്ചയിച്ചാൽ മതി.

ഈ മൂലതത്വങ്ങൾക്കു കാലോചിതമായ വസ്ത്രം ധരിപ്പിക്കേണ്ടതാണ്. അവയ്ക്കു് പ്രഥമമായി ലഭിച്ച വസ്ത്രാദികൾ അവയ്ക്കു് അന്നു ഭൂഷണമായിരുന്നുവെങ്കിൽ ഇന്നു ഭൂഷണമാകുന്നതല്ല. മനുഷ്യവർഗ്ഗത്തിൻെറ ആരംഭദശയിലെ കുട്ടികൾക്കു പീയൂഷമായിരുന്ന കഥകൾ ഇന്നത്തെ കുട്ടികൾക്കു ഹാലാഹലമാകുന്നതല്ല. ആ കഥകൾ വായിച്ചറിഞ്ഞു് നമ്മുടെ കുട്ടികൾ അവയ്ക്കു കാലോചിതമായ അർത്ഥം കല്പിക്കുന്നതാണ്. നാം അവരുടെ മാർഗ്ഗനിരോധം ചെയ്യാതിരുന്നാൽ മതി. ബൈബിളിൽ കാണുന്ന ദൈവവിവരണത്തിനും പ്രപഞ്ചത്തിൽ കാണുന്ന ദൈവവിവരണത്തിനും തമ്മിൽ യാതൊരന്തരവുമില്ല. പ്രപഞ്ചത്തേയും വേദപുസ്തകത്തേയും പററി നമുക്കു ഇന്നുള്ളതില് ധികം ജ്ഞാനമുണ്ടാകുമ്പോൾ ഈ തത്വം വെളിപ്പെടുന്നതാണ്.

മനുഷ്യൻെറ പൂർവ്വപിതാവു കുരങ്ങനാണെന്ന പ്രസ്താവനയാണ് വൈദികനു അസഹ്യമായിത്തോന്നുന്നതു്. ലോകസ്രഷ്ടാവായ ദൈവത്തിൻെറ സ്വന്തരൂപത്തിലാണു മനുഷ്യൻ സൃഷ്ടിയ്ക്കപ്പെട്ടിട്ടുള്ളതു് എന്നത്രെ അയാൾ വേദപുസ്തകത്തിൽനിന്നു പഠിച്ചിട്ടുള്ളതു്. ഈ ബോധം മൂലം അയാൾക്കുണ്ടായ അഭിമാനം സീമാതീതമായിരുന്നു. കുരങ്ങനാണു തൻെറ പൂർവ്വപിതാവെന്നു പരിണാമവാദി പറയുമ്പോൾ അയാളുടെ (വൈദികൻെറ) അഭിമാനത്തിന്നു ഉന്മൂലനാശം തട്ടുന്നു.

ദൈവത്തിൻെറ പ്രതിബിംബമാണു മനുഷ്യസ്വരൂപമെന്നു പറയുന്നുവല്ലോ. ദൈവത്തിന്നു കണ്ണുണ്ടോ?

കയ്യുണ്ടോ, ചെവിയുണ്ടോ? ഇല്ലെന്നു നമുക്കറിയാം. ഇവ യൊക്കെയും നമുക്ക നമ്മുടെ പൂൎവ്വപിതാവായ കുരങ്ങനിൽ നിന്നും ലഭ്യമായവയായിരിക്കാം. കണ്ണ്, കൈ മുതലായ അവയവങ്ങളേക്കാളും തുലോം ഉന്നതമായ–ശ്രേഷ്ഠമായ–ഒരു വസ്തുവാണ് ദൈവം. നമ്മുടെ അകത്താണു ദൈവ ത്തിൻെറ പ്രതിമ; നമ്മെ ഇത്തരത്തിലാക്കുന്നതു ദൈവ ത്തിൻെറ പ്രതിമയാകുന്നു. ശ്രേഷ്ഠമായ നമ്മുടെ ഏതു ഉദ്യമത്തിലും—നമ്മുടേയോ, നമ്മുടെ സഹോദരന്മാരു ടേയോ അഭ്യുന്നതിക്കായിക്കൊണ്ടുള്ള ഏതു പ്രവൃത്തിയിലും ഭൂതകാലത്തു നാം ചെയ്തുപോയ തെററിനെക്കുറിച്ചു പശ്ചാ ത്തപിക്കുന്ന ഏതവസരത്തിലും; നമ്മുടെ സ്നേഹിതന്മാരെ എന്നല്ല ശത്രുക്കളെക്കൂടി സഹായിക്കേണമെന്നു നമുക്കുള്ള ഏതു ആഗ്രഹത്തിലും സൎവ്വശക്തനായ ദൈവത്തിൻെറ പ്രതിബിംബമാണു പ്രകാശിക്കുന്നത് ശാശ്വതബ്രഹ്മവു മായി നമ്മെ സംഘടിപ്പിക്കുന്നതു ഇതാണ്; നമ്മുടെ ശാശ്വതത്വത്തിന്നു വിലയുണ്ടാക്കുന്നതും ഇതാണ്. നമ്മിൽ കാണുന്ന സകല ശ്രേഷ്ഠതകളും നമ്മുടെ സ്രഷ്ടാ വിൻെറ പ്രതിമയാകുന്നു.

വൈദികതത്വത്തിലൊ ശാസ്ത്രങ്ങളിലൊ പ്രത്യേകനി പുണന്മാരല്ലാത്തവരുടെ ഇടയിൽ അവകളെക്കുറിച്ചു ഇന്ന ത്തേതിലധികം ജ്ഞാനമുണ്ടാകേണ്ടുന്ന കാലം ആഗതമാ യിരിക്കുന്നു. നാം ദിവസന്തോറും അധികമധികം സത്യ തല്പരന്മാരാകയാണു ചെയ്യുന്നത്. ആഹവമുപേക്ഷിച്ചു സമാധാനപതാക പറപ്പിക്കേണ്ടുന്ന കാലം വന്നണഞ്ഞി രിക്കുന്നു. നമ്മുടെ ഏവരുടേയും ഉൽക്കൎഷത്തിനുവേണ്ടി നമുക്ക പരിപൂൎണ്ണമായ വിശ്വാസം ഉണ്ടായിരിക്കേണ്ടുന്ന

സംഗതികളിലാണ് വഴക്കെങ്കിൽ ഈ വഴക്കെന്നും അവസാനിക്കുന്നതല്ല. തൻെറ വിശ്വാസം തനിക്കു പരിചിതമായ ഭാഷയിൽ പ്രസ്താവിപ്പാൻ ഒരുവൻ ഉദ്യമിയ്ക്കുമ്പോൾ അതു തൻെറ അയൽപക്കക്കാരനു വിരുദ്ധമായ സമ്പ്രദായത്തിലാകരുതെന്നു ഓരോരുത്തരും മനസ്സിരുത്തേണ്ടതാകുന്നു. ഇപ്രകാരമായാൽ മാത്രമേ വഴക്കുകൾ അവസാനിക്കയുള്ളു.

നമ്മുടെ യുവാക്കന്മാരിൽ കുശാഗ്രബുദ്ധികളായ ചിലർ ആധുനികവൈദികതത്വത്തിലും ആധുനികശാസ്ത്രങ്ങളിലും പരിശീലനം ലഭിച്ചവരുമുണ്ട്. ആദിമകാലത്തെ വൈദികതത്വത്തെപ്പററിയോ, ആദിമകാലത്തെ ശാസ്ത്രത്തെപ്പററിയോ അവർ പുച്ഛിക്കുന്നില്ല. ഓരോന്നും അതതുകാലത്തു പ്രയോജനമുള്ളതായിരുന്നു; ഓരോന്നും അതതിൻെറ തത്വങ്ങളെ പ്രതിപാദിച്ചുമിരുന്നു. എന്നാൽ ഓരോന്നിലും അടങ്ങിയിരിക്കുന്ന തത്വം ഇന്നത്തെ ഭാഷയിൽ പുതുതായി വ്യാഖ്യാനിയ്ക്കേണ്ടിയിരിക്കുന്നു. പഴയ വിശ്വാസങ്ങളെ മനുഷ്യർ എന്നും സ്നേഹിക്കുന്നതാണ്. അവയെ നാം എന്നും ബഹുമാനിക്കുകയും സഹായിക്കുകയും ചെയ്യും. എന്നാൽ അതതുകാലത്തെ സമ്പ്രദായമനുസരിച്ചു പഴയ തത്വങ്ങളെ വ്യാഖ്യാനിക്കുന്നതിനുള്ള സ്വാതന്ത്ര്യം എതുകാലത്തിനുമുണ്ട്. നമുക്കുണ്ടായത്ര കഷ്ടപ്പാടുകൾ നമ്മുടെ കുട്ടികൾക്കുണ്ടാവില്ലെന്നാണ് നമ്മുടെ വിശ്വാസം. ഇന്നത്തെ ഗുരുനാഥന്മാരുടെ കീഴിലുള്ള പരിശീലനംകൊണ്ടു സത്യം ഇന്നതെന്നു അവക്ക് ബോദ്ധ്യംവരുന്നതാണ്. ശാശ്വതമായ സത്യത്തെ അടിസ്ഥാനമാക്കിയാണു ഇന്നത്തെ ഗുരുനാഥന്മാർ പഠിപ്പിക്കു

ന്നതു്. ദൈവം മനുഷ്യരുടെ ചുണ്ടുകളെ പഠിപ്പിക്കുകയും അവരുടെ ഹൃദയങ്ങളിൽ വസിക്കുകയും ചെയ്യുന്നുവെന്നു നമുക്കു വിശ്വസിക്കുക. ഇത്തരത്തിലായാൽ മാത്രമേ നമ്മുടെ കുട്ടികൾക്കു കാലോചിതമായ ജ്ഞാനം ലഭ്യമാകയുള്ളു. അവരുടെ ഗതി നാം നിരോധിക്കുന്നതായാൽ ദൈവത്തിന്റെ ഘോഷയാത്രയിൽ പങ്കുകൊള്ളുവാൻ നാം അവരെ അനുവദിക്കുന്നില്ലെന്നുമാത്രം വരുന്നതാണു്. സർവ്വശക്തിമത്തായ സത്യത്തോടു തന്നെ അടുത്തുനിന്നു ആ ശക്തിയെ വിശദതരമായി കാണുന്നതുകൊണ്ടുണ്ടാകുന്ന മുഖപ്രകാശത്തോടുകൂടി മുന്നണിയിൽ നില്ക്കേണ്ടവരായ നമ്മുടെ സന്താനങ്ങളുടെ ഗതി തടയാതിരിപ്പിൻ! തടയാതിരിപ്പിൻ!!

— ശുഭം —

PRINTED AT THE VISWABHARATHI PRESS, TRICHUR.

KOTTAYAM PUBLIC LIBRARY
**KOTTAYAM.**

*Cl. No.* M100 *Acc. No.* 12649

This book should be returned on or before the date last stamped below.

29 DEC 1990
13 OCT 1994
10 JUN 2004
1 - MAR 2009
30 OCT 2011

M100 12649

രാമമേനോൻ വി. പി.

ശാസ്ത്രവും മതവും.

KOTTAYAM PUBLIC LIBRARY

Call No. M100.....     Acc. No. [illegible]

Author... രാമമേനോൻ. വി.പി

Title... ശാസ്ത്രവും മതവും.

Indic Digital Archive Foundation

gpura.org